Visit us: www.kseboa.org

Vol. XIV No. 1 JUNE 2005

കനലിനെ കാട്ടുതീയാക്കരുത്

അലംഭാവം നിറഞ്ഞതും നിരുത്തരവാദപരവുമായ മനുഷ്യവിഭവ മാനേജ്മെന്റിന് മാതൃക സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് വൈദ്യുതി ബോർഡ്. ജീവനക്കാരുടെ നിയമനം, സ്ഥലം മാറ്റം, പ്രമോഷൻ, റിട്ടയർമെന്റ് എന്നിവയ്ക്കെല്ലാം കൃത്യമായ ചട്ടങ്ങളും മാനദണ്ഡങ്ങളും നിലവിലുണ്ടെങ്കിലും അവയൊക്കെ ലംഘിക്കുന്നതിലാണ് ബോർഡ് വൈദഗ്ദ്ധ്യം കാട്ടാൻ ശ്രമിക്കുന്നത്. സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ലംഘിക്കുന്നതും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വൈകിക്കുന്നതും, നിഷേധിക്കുന്നതും വാർത്ത തന്നെ അല്ലാതായിരിക്കുന്നു.

ഉപഭോക്താക്കളുടെ എണ്ണവും ലൈനുകളുടെ ദൈർഘ്യവും സബ്സ്റ്റേഷനുകളുടെ എണ്ണവും അനുദിനം വർദ്ധിക്കുമ്പോഴും അവ കൈകാര്യം ചെയ്യേണ്ട ജീവനക്കാരുടെ ആയിരക്കണക്കിന് തസ്തികകളാണ് കഴിഞ്ഞ 4 വർഷമായി ഇല്ലാതാക്കിയത്. ഇപ്രകാരം വൻതോതിൽ തസ്തികകൾ ഇല്ലാതാക്കിയശേഷവു ഒഴിഞ്ഞു കിടക്കുന്ന ഓഫീസർമാരുടെ തസ്തികകളുടെ എണ്ണം ഞെട്ടിപ്പിക്കുന്ന വിധം ഭീമമാണ്. ബോർഡിന്റെ വിവിധ ഓഫീസുകളിൽ ലഭ്യമായിട്ടുള്ള കണക്കുകളിലെ പൊരുത്തമില്ലായ്മയാകട്ടെ ബന്ധപ്പെട്ടവരുടെ കുറ്റകരമായ അനാസ്ഥ വെളിവാക്കുന്നുണ്ട്. പല കണക്കുകളിലും സബ്സ്റ്റേഷനുകളിലെ ഷിഫ്റ്റ് ജോലി നോക്കേണ്ട അസി. എഞ്ചിനീയർമാരുടെ ഒഴിവുകൾ കണക്കിലെടുക്കുന്നേയില്ല. ലഭ്യമായിടത്തോളം കണക്കുകളുടെ പരിശോധന വ്യക്തമാക്കുന്നത് ഓഫീസർമാരുടെമാത്രം 1700 ലധികം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായാണ്. ആകെ തസ്തികകളുടെ മൂന്നിലൊന്നു വരുമിത്.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല.) തസ്തികയിലേക്ക് ഏറ്റവും ഒടുവിൽ പ്രമോഷൻ ഉത്തരവിറങ്ങിയത് 2004 ജനുവരിയിലാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇല:) മാരുടെ 272 തസ്തികകൾ ഒഴിഞ്ഞുകിടക്കുമ്പോൾ ഈയിടെയിറങ്ങിയ ഉത്തരവിലൂടെ കേവലം 17 പേരുടെ പ്രമോഷൻ നടത്തി ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്ന വിദ്യ പ്രയോഗിക്കുകയാണ് ബോർഡ്. വൻതോതിൽ റിട്ടയർമെന്റ് നടക്കുന്ന സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രമോഷൻ നടന്നിട്ട് ആറ് മാസത്തോളമായി. സിവിൽ വിഭാഗത്തിലാകട്ടെ തരം താഴ്ത്തൽ നടപടിക്കാണ് ബോർഡ് കോപ്പ് കൂട്ടുന്നത്. ആയിരത്തോളം ഇല. അസി. എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുമ്പോഴും മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുടെ പേരിൽ ജീവനക്കാർക്ക് പ്രമോഷൻ നിഷേധിക്കുന്നു. സബ് സ്റ്റേഷനുകളിലെ അസി. എഞ്ചിനീയർ തസ്തിക കോൺട്രാക്ട് അടിസ്ഥാനത്തിൽ ഔട്ട് സോഴ്സ് ചെയ്ത മാതൃക വികസിപ്പിച്ച് ചീഫ് എൻജിനീയർ തലം വരെ വ്യാപിപ്പിക്കാനും ഇപ്പോൾ നീക്കം നടക്കുകയാണ്.

കേന്ദ്ര ഗവർൺമെന്റിന്റെ പൊതുമിനിമം പരിപാടി അനുസരിച്ച് ഗ്രാമീണ വൈദ്യുതീകരണത്തിന് പ്രത്യേക പദ്ധതിയായി രൂപം കൊടുത്ത രാജീവ്ഗാന്ധി ഗ്രാമവൈദ്യുതികരണ

ê

ഉള്ളടക്കം

പേജ്

മഹാരാഷ്ട്ര സംഭവവികാസങ്ങൾ
കെ.ആർ. 3

നേരിയമംഗലം എക്സ്റ്റൻഷൻ സ്കീം – ഒരു പഠനം – I
ആർ. സുകു 5

Einstein and the World Year of Physics
ആർ. കൃഷ്ണയ്യർ 8

യൂറോപ്യൻ യൂണിയന്റെ ഭാവി അനിശ്ചിതത്വത്തിൽ
സി. രവീന്ദ്രൻ 11

വൈദ്യുതി നയത്തിനെതിരായ പോരാട്ടം പുതിയതലത്തിലേക്ക്
കെ.ആർ. ഉണ്ണിത്താൻ 13

Centre Using Finance Panel as an Instrument of Coercion 17

The BHEL disinvestment 19

ജനറൽ സെക്രട്ടറിയുടെ പേജ് 21

വൈദ്യുതി മന്ത്രീ സൂക്ഷിച്ചോളു; സ്തുതിപാഠകവൃന്ദം സജീവമാണ് 23

വൈദ്യുതി മേഖല – 10–ാം പദ്ധതിയിൽ
കെ.പി. പവിത്രൻ 24

EDITORIAL BOARD

G.SREEKUMARIAMMA (Chairperson)
M.AYYAPPAN PILLAI (Editor)
K.E.SUNDARARAJAN
G.SATHEESHKUMAR
M.ABDULBASHEER
J.MOHAMMED SIYAD
M.T.VARGHESE

Printed and published by B. Pradeep, General Secretary, K.S.E.B. Officers' Association (Reg. No. 365/90), TC 25/2969, Malloor Road, Thiruvananthapuram - 695 035, Printed at SB Press (P) Ltd, Thiruvananthapuram - 695 001. Telefax: 2471904, 2478013, Editor: M. Ayyappan Pillai. Phone : 2462300. E-mail: info@kseboa.org/kseboa@satyam.net.in; Visit us: www.kseboa.org. Fax: 2472272

യോജന (RGGVY) വഴി ലഭിക്കുന്ന 430 കോടി രൂപയുടെയും APDRP പദ്ധതിയിലൂടെ ലഭിക്കുന്ന 905 കോടി രൂപയുടെയും പദ്ധതികൾ നടപ്പാക്കാൻ പുതുതായി ഒരു തസ്തികയും സൃഷ്ടിക്കുന്നില്ല. രണ്ട് വർഷംകൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് ഈ പദ്ധതികൾ. മുൻപ് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും, 33 kv ഉപപ്രസരണ ശൃംഖല സൃഷ്ടിക്കുന്നതിനും RECയിൽ നിന്നും വായ്പയെടുത്ത ഘട്ടത്തിൽ ഒരു ചീഫ് എൻജിനീയർ ഓഫീസിന്റെ കീഴിൽ 6 ഡെപ്യൂട്ടി ചീഫ് എൻജിനീയർ ഓഫീസുകളും താഴെത്തലംവരെ നൂറുക്കണക്കിന് തസ്തികകളും അടങ്ങുന്ന പ്രത്യേക വിഭാഗം രൂപം കൊടുത്തുകൊണ്ടാണ് പദ്ധതികൾ ഏറ്റെടുത്തു പൂർത്തിയാക്കിയത്. ലോക ബാങ്ക് വായ്പയോടെ വിവിധ പ്രസരണപദ്ധതികൾ ഏറ്റെടുത്തപ്പോഴും അതേ മാതൃക സ്വീകരിച്ചിരുന്നു. ഗ്രാമീണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനായി വിതരണ ലൈനുകൾ നിർമ്മിച്ച് വിതരണ വിഭാഗത്തിന് കൈമാറുന്നതിനും മുമ്പ് പ്രത്യേകവിഭാഗം രൂപികരിച്ചാണ് പ്രവർത്തികൾ ഏറ്റെടുത്തിരുന്നത്. എന്നാൽ ഇന്ന് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ അധികഭാരം പേറുന്നവരുടെ ചുമലിൽ തന്നെ ഈ പദ്ധതികളുടെ നിർവ്വഹണ ചുമതലകൂടി കെട്ടിയേല്പിക്കുകയാണ്. ഇവർക്ക് മുകളിൽ, കൺസൾട്ടന്റുമാരെ നിയോഗിച്ച് ചില ജോലികൾ ചെയ്യിക്കുമത്രെ. സബ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർമാരെ വരെ ഇത്തരത്തിൽ ഔട്ട് സോഴ്സ് ചെയ്യാനാണ് നീക്കം.

ഓഫീസർമാരുടെ ജീവിതം തന്നെ ദുരിതപൂർണ്ണമാക്കുംവിധം അധിക ജോലി ചെയ്യിച്ചും, അധിക ജോലിക്ക് പ്രതിഫലം നല്കാതെയും, പുതിയ പദ്ധതികൾക്ക് തസ്തികകൾ സൃഷ്ടിക്കാതെയും അർഹതപ്പെട്ട പ്രമോഷനുകൾ നിഷേധിച്ച് ഭരണ നിർവ്വഹണം തുടർന്നു നടത്താനാണ് ബോർഡിന്റെയും ഗവൺമെന്റിന്റെയും ഭാവമെങ്കിൽ, നമുക്ക് അതിനോട് നിസഹകരിക്കാതെ നിവൃത്തിയില്ല. ദീർഘകാലം ആത്മാർത്ഥതയോടെ ജോലി ചെയ്ത നിരവധിപേർ അർഹതപ്പെട്ട പ്രമോഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാതെ ഇതിനകം റിട്ടയർ ചെയ്തിട്ടുണ്ട്. വല്ലപ്പോഴുമിറങ്ങുന്ന പ്രമോഷൻ ഉത്തരവുകളിലാകട്ടെ പ്രമോഷൻ തടഞ്ഞുവെക്കപ്പെട്ടവരുടെ എണ്ണത്തിനാണ് പ്രാമുഖ്യം. മരണമടഞ്ഞവരെക്കൂടി പ്രമോഷൻ ലിസ്റ്റിൽ ചേർത്ത് അത് തടഞ്ഞുവെയ്ക്കുന്ന ക്രൂരഫലിതവും ഇതിനിടെ കാണുന്നുണ്ട്. സത്യസന്ധമായും ആത്മാർത്ഥയോടെയും ജോലി ചെയ്യുന്നവരെയടക്കം കള്ളപരാതികളും ഗൗരവമില്ലാത്ത ആക്ഷേപങ്ങളും ചൂണ്ടിക്കാട്ടി 'വിജിലൻസ് ക്ലിയറൻസ്' എന്ന വജ്രായുധം പ്രയോഗിച്ച് മാനം കെടുത്തിയാണ് പ്രമോഷൻ നിഷേധമെന്ന വിനോദം കൊണ്ടാടുന്നത്.

ê

കുറിപ്പുകൾ

മഹാരാഷ്ട്ര സംഭവവികാസങ്ങൾ

മഹാരാഷ്ട്ര വൈദ്യുതി ബോർഡിനെ കെട്ടഴിച്ച് 4 കമ്പനികളാക്കി. ഉല്പാദനം, പ്രസരണം, വിതരണം എന്നിവയ്ക്കായി ഓരോ കമ്പനിയും, ഇവയ്ക്കെല്ലാം കൂടി ഒരു ഹോൾഡിംഗ് കമ്പനിയും എന്ന രീതിയിലാണ്. ഹോൾഡിംഗ് കമ്പനിയുടെ പേര് MSEB ഹോൾഡിംഗ് കമ്പനി ലിമിറ്റഡ് എന്നാണ്. ഇവ 1956 -ലെ കമ്പനീസ് ആക്ട് അനുസരിച്ചായിരിക്കും പ്രവർത്തിക്കുക.

ഹോൾഡിംഗ് കമ്പനിയുടെ തലവൻ (ചെയർമാൻ) മഹാരാഷ്ട്ര വിദ്യുച്ഛക്തി മന്ത്രിയും, വൈസ് ചെയർമാൻ വിദ്യുച്ഛക്തി സഹമന്ത്രിയും ആയിരിക്കുമത്രേ. ഇവരെക്കൂടാതെ ഒരു മാനേജിംഗ് ഡയറക്ടർ, ഒരു ഫൈനാൻസ് ഡയറക്ടർ, ഒരു ഊർജ്ജ വിദഗ്ദ്ധൻ, ഗവർൺമെന്റേതരരായ രണ്ടുപേർ എന്നിവർ ഡയറക്ടർ ബോർഡിലുണ്ടായിരിക്കും. സംസ്ഥാന ഊർജ്ജവകുപ്പു സെക്രട്ടറി, സംസ്ഥാനപ്ലാനിംഗ് സെക്രട്ടറി, മറ്റു മൂന്നു സബ്സിഡിയറി കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ എന്നിവർ ഹോൾഡിംഗ് കമ്പനി ഡയറക്ടർ ബോർഡിൽ എക്സ് ഓഫിഷ്യോ അംഗങ്ങളായിരിക്കുമെന്നും കമ്പനിരൂപീകരണവേളയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1960-ൽ MSEB രൂപീകരിക്കുമ്പോൾ 760 മെഗാവാട്ട് സ്ഥാപിതശേഷിയും 1.07 ലക്ഷം ഉപഭോക്താക്കളും മാത്രമുള്ള ഒരു സ്ഥാപനമായിരുന്നെങ്കിൽ 45 വർഷംകൊണ്ട് 14363 മെഗാവാട്ട് സ്ഥാപിതശേഷിയും 140 ലക്ഷം ഉപഭോക്താക്കളും, പുസ്തക്കണക്കുവെച്ച് തേയ്മാനച്ചെലവുകഴിച്ച് 24,000 കോടിരൂപയുടെ ആസ്തിയുമുള്ള ഒരു പൊതുമേഖലാസ്ഥാപനമായി അതു വളർന്നു. 1960-ൽ വാർഷിക റവന്യുവരുമാനം 3.23 കോടി രൂപയായിരുന്നെങ്കിൽ ഇപ്പോഴത് 15,000 കോടിക്കു മേലെയാണ്. 1989-ൽ മഹാരാഷ്ട്ര സംസ്ഥാനം ബോർഡിന്റെ കീഴിൽ പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടു. രാജ്യത്തെ ഏറ്റവും ലാഭകരമായി പ്രവർത്തിച്ചിരുന്ന വൈദ്യുതിബോർഡായിരുന്നു മഹാരാഷ്ട്രാ ഇല: ബോർഡ്; എൻറോൺ വൈദ്യുതി വാങ്ങാൻ തുടങ്ങുന്നിടംവരെ. എൻറോൺ കരാറാണ് എല്ലാം തകിടം മറിച്ചത്. ആവശ്യകതയ്ക്കനുസരിച്ച് വിലകുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പതിവുശീലവും വ്യവസ്ഥകളുംതന്നെ നവ ഉദാരവൽകൃത വൈദ്യുതിനയം തകരാറിലാക്കി. ഇന്നിപ്പോൾ ഏതാണ്ട് 3200 മെഗാവാട്ടിന്റെ വൈദ്യുതികമ്മി സംസ്ഥാനത്തിനുണ്ടത്രേ. ഈ കമ്മിയും ഇതുമൂലമുണ്ടായിട്ടുള്ള ലോഡ്ഷെഡിംഗിനുമൊക്കെ കാരണം, നവഉദാരവൽകൃതനയങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള ഇല. നിയമം മഹാരാഷ്ട്രയിൽ നടപ്പിലാക്കാത്തതുകൊണ്ടാണെന്ന ആക്രോശം ഇക്കണോമിക്ക് ടൈംസ് പോലുള്ള വൻകിട മുതലാളിമാരുടെ മാധ്യമങ്ങൾ ഏറെ ആഴ്ചകളായി നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. സമാന്തരമായി ഇതേ പ്രചാരണം നടത്തിക്കൊണ്ട്, നിയമം നടപ്പാക്കാൻ തടസ്സമായി നില്ക്കുന്നത് തൊഴിലാളികളാണെന്നു പറഞ്ഞുകൊണ്ട് ശിവസേനയുടെയും BJP യുടെയും ഗുണ്ടകൾ വൈദ്യുതി ഓഫീസുകളിലും വീടുകളിലും കയറി ജീവനക്കാരെ ആക്രമിക്കൽ ഈയിടെ ഒരു പതിവുപരിപാടിയായി മാറ്റിക്കഴിഞ്ഞിരിക്കുകയായിരുന്നു. മഹാരാഷ്ട്ര സർക്കാരിന്റെ പരോക്ഷമായ പിന്തുണ ഇതിനെല്ലാമുണ്ടായിരുന്നു. ഇന്ത്യയുടെ വ്യാവസായിക തലസ്ഥാനത്തെ വൻകിട മുതലാളിമാരുടെ താല്പര്യം സംരക്ഷിക്കാൻ സൃഷ്ടിച്ചെടുക്കപ്പെട്ടിട്ടുള്ളതാണ് ഇതഃപര്യന്തം അവിടുത്തെ ഗവർൺമെന്റുകൾ. ഗവർൺമെന്റിന് BJP നേതൃത്വം കൊടുത്താലും എൻ.സി.പി. നേതൃത്വം കൊടുത്താലും ഇക്കാര്യത്തിൽ ഫലം ഒന്നുതന്നെ. വൈദ്യുതിബോർഡുകൾ ഇപ്പോഴും നിലനിൽക്കുന്ന 11 സംസ്ഥാനങ്ങളിൽ 10-ഉം കമ്പനിരൂപവൽക്കരണത്തിന് സമയം ആവശ്യപ്പെട്ടപ്പോൾ മഹാരാഷ്ട്ര ഗവർൺമെന്റ് അതാവശ്യപ്പെട്ടില്ല. 17.05.05-ന് NCCOEEE യുമായുണ്ടാക്കിയിട്ടുള്ള ധാരണയനുസരിച്ചുതന്നെ 10 സംസ്ഥാന ഗവർൺമെന്റുകൾക്കും കേന്ദ്ര ഗവർൺമെന്റ് സമയം നീട്ടിക്കൊടുക്കുകയുണ്ടായി.

മഹാരാഷ്ട്രയിലെ പുതിയ ഇല: കമ്പനികളുടെ രൂപീകരണത്തിൽ കൗതുകമുണർത്തുന്ന ചില വസ്തുതകളുണ്ട്. ബോർഡിന്റെ ആസ്തി പുനർനിർണ്ണയം ചെയ്തു തിട്ടപ്പെടുത്താൻ കൺസൾട്ടിനെ വയ്ക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആസ്തിവിഭജിച്ച് ഇപ്പോഴത്തെ

ഈ മൃഗയാ വിനോദങ്ങൾ ഇനിവെച്ചു പൊറുപ്പിക്കാനാവില്ല. ദീർഘനാളായി ഓഫീസർമാരുടെയാകെ മനസ്സിൽ നീറിക്കത്തുന്ന പ്രതിഷേധത്തിന്റെ തീക്കനൽ അഗ്നിയായി പെയ്തിറങ്ങാൻ സമയമായിരിക്കുന്നു. ഈ പ്രതിഷേധത്തെ പ്രത്യക്ഷസമരമായി ഏറ്റെടുക്കാനാണ്. ഓഫീസേഴ്സ് അസോസ്സിയേഷൻ നിശ്ചയിച്ചിട്ടുള്ളത്. ആത്മാഭിമാനത്തോടെ പണിയെടുക്കാനും അർഹതപ്പെട്ട പ്രമോഷനുകൾ നേടിയെടുക്കാനും ആസൂത്രണം ചെയ്തിട്ടുള്ള ഈ പ്രക്ഷോഭപരിപാടികളിൽ മുഴുവൻ ഓഫീസർമാരും അണിനിരക്കണം. പ്രതിഷേധത്തിന്റെ കനൽ കാട്ടുതീയായി പടരാതെ നോക്കാനുള്ള വിവേകം, ഈ വൈകിയ വേളയിലെങ്കിലും ഉത്തരവാദപ്പെട്ടവർ പ്രകടിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

0

യഥാർത്ഥ ആസ്തി തിട്ടപ്പെടുത്താനാണത്. ഇങ്ങനെ ചെയ്യുമ്പോൾ ആസ്തിവർദ്ധിച്ച് അത് വൈദ്യുതിനിരക്ക് വർദ്ധിക്കുന്ന സ്ഥിതി ഒഴിവാക്കുമെന്നാണ് ഗവർണ്മെന്റ് പറയുന്നത്.

ഇത് ആസ്തി യഥാതദമായി തിട്ടപ്പെടുത്തുന്നതിൽ കൃത്രിമം കാട്ടലല്ലേ? കമ്പനികളായി മാറ്റുന്നതുതന്നെ സ്വകാര്യമൂലധനം കടന്നുവരാൻ സൗകര്യപ്പെടുത്താനാണ് എന്നു വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വിപണി നിലവാരമനുസരിച്ചുള്ള യഥാർത്ഥ ആസ്തി കുറച്ച് കാണിക്കാൻ ഗവർൺമെന്റ് ഇടപെടുമ്പോൾ ഈ കമ്പനിയിൽ മൂലധനനിക്ഷേപം നടത്തുന്ന സ്വകാര്യ നിക്ഷേപകന് അനർഹമായ ആസ്തി ലഭിക്കില്ലേ?

ഗവർൺമെന്റിന്റെ അനാവശ്യമായ ഇടപെടലും, തൽഫലമായുണ്ടാകുന്ന കാലതാമസവും ഒഴിവാക്കി വൈദ്യുതിമേഖലയുടെ സത്വര വികസനം ലക്ഷ്യമാക്കിയാണ് ഇല: (സപ്ലൈ) ആക്ട് 1948 പ്രകാരം സ്വതന്ത്രമായ അധികാരങ്ങളുള്ള ബോർഡുകൾ രൂപീകരിച്ചത്. വൈദ്യുതിമേഖലയെ രാഷ്ട്രീയസ്വാധീനത്തിൽനിന്നും വേർപ്പെടുത്താൻ, ബോർഡുകളുടെ കമ്പനിവൽക്കരണം ആവശ്യമാണെന്നായിരുന്നു നവഉദാരവൽക്കരണത്തിന്റെ അപ്പോസ്തലന്മാർ പ്രചരിപ്പിച്ചതിൽ ഒരു കാര്യം. ഇപ്പോഴിതാ പുതിയ കമ്പനിയുടെ തലപ്പത്തു തന്നെ മന്ത്രി കയറിയിരിക്കുന്നു! വൈദ്യുതമേഖലയുടെ ദൈനംദിന പ്രവർത്തനത്തിൽത്തന്നെ ഇടപെടാൻ രാഷ്ട്രീയക്കാർക്ക് സുവർണ്ണസാദ്ധ്യതയല്ലേ ഇതു നൽകുന്നത്?

ഈ ലേഖകനടക്കം പങ്കെടുത്ത ഒരു കൊളോക്യം ഏതാണ്ട് മൂന്നുവർഷംമുൻപ് സംസ്ഥാനവ്യവസായവകുപ്പ് തിരുവനന്തപുരത്തു സംഘടിപ്പിച്ചതിന്റെ അനുഭവം ഈ പക്തിയിൽ മുൻപു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന വിദഗ്ദരായിരുന്നു ഇതിൽ പങ്കെടുത്തിരുന്നത്. ദീർഘകാലം വൈദ്യുതി ബോർഡുചെയർമാനും ആസൂത്രണ മേഖലയിൽ അറിയപ്പെടുന്ന ദേഹവുമായ വി. രാമചന്ദ്രനായിരുന്നു ഇതിന്റെ അദ്ധ്യക്ഷൻ. വിഷയമാകട്ടെ, വൈദ്യുതി ബോർഡിന്റെ പുനഃസംഘാടനവും. വൈദ്യുതി ബോർഡുകളുടെ കാര്യക്ഷമതാരാഹിത്യത്തിന്റെ പ്രധാനകാരണങ്ങളിലൊന്നായി ഈ ലേഖകൻ ചൂണ്ടിക്കാട്ടിയത്, ഈ വ്യവസായത്തെ പ്രൊഫഷണലായി നടത്തിക്കൊണ്ടുപോകാൻ അനുവദിക്കാത്ത രാഷ്ട്രീയ ഇടപെടലാണ് ഗവർൺമെന്റിന്റെ ഭാഗത്തുനിന്നും സമീപകാലഘട്ടങ്ങളിൽ ഉണ്ടാകുന്നത് എന്നതായിരുന്നു. നിലവിലുണ്ടായിരുന്ന ഇല. സപ്ലൈ ആക്ടിന്റെ പോരായ്മയല്ല, മറിച്ച് (അതു നടപ്പിലാക്കുമ്പോൾ ഉണ്ടാകേണ്ട രാഷ്ട്രീയ ഔന്നത്യത്തിന്റെ തകർച്ചയാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് എന്ന് ചൂണ്ടിക്കാട്ടാനും ആ ദുർഗ്ഗതി ഇല. ആക്ട് 2003 നും ഉണ്ടാവുന്നതാണ് എന്ന് ചൂണ്ടികാട്ടാനുമാണ് ഈ ലേഖകൻ ശ്രമീച്ചത്. ഈ വസ്തുത എല്ലാവരും അംഗീകരിക്കുകയും ഇക്കാര്യം എടുത്തു പറഞ്ഞുകൊണ്ടു ശ്രീ. വി. രാമചന്ദ്രൻ തന്റെ അനുഭവത്തിന്റെ ഭണ്ഡാരപ്പെട്ടി ഉപസംഹാരപ്രസംഗത്തിൽ അല്പമൊന്നു തുറക്കുകയും ചെയ്തു. സ. ഇ.എം.എസ്സ്. മുഖ്യമന്ത്രിയും, സ. എം. എൻ. വൈദ്യുതിമന്ത്രിയായിരിക്കുകയും ചെയ്തകാലത്തായിരുന്നു, അദ്ദേഹം ബോർഡു ചെയർമാനായിരുന്നത്. ഇക്കാലത്ത് നയപരമായ കാര്യങ്ങളിൽ ഗവർൺമെന്റിന്റെ ചില തീരുമാനങ്ങൾ അറിയിക്കാൻ വേണ്ടി മാത്രമാണ് ഒന്നോ രണ്ടോ സന്ദർഭങ്ങളിൽ ചെയർമാനെ മന്ത്രി വിളിപ്പിച്ചിട്ടുള്ളതത്രേ. ദൈനംദിന ഭരണം ബോർഡിന്റെ ചുമതലയാണ് എന്ന കർക്കശമായ നിലപാടിലായിരുന്നു അന്നത്തെ ഗവർമെന്റ്. ഇല. (സപ്ലൈ) ആക്ടിൽ വിഭാവനം ചെയ്തിരുന്നതും അതു തന്നെ. ഇപ്പോൾ പ്യൂണിന്റെ സ്ഥലംമാറ്റത്തിൽ വരെ ഇടപെടുന്ന തരത്തിലുള്ള നിലവാരത്തകർച്ചയും ദൈനംദിന രാഷ്ട്രീയ ഇടപെടലും ബോർഡുകളെ കാര്യക്ഷമമായി നടത്തുന്നതിൽ വലിയതടസ്സമാണ് സൃഷ്ടിക്കുന്നത് എന്ന യാഥാർത്ഥ്യവും മേല്പ്പറഞ്ഞ കൊളോക്യത്തിൽ ആവർത്തിച്ചംഗീകരിക്കപ്പെടുകയായിരുന്നു. ബോർഡുചെയർമാനെയും മെമ്പർമാരെയും നിയമിക്കുന്നത് ഗവർണ്മെന്റാണ്. ആ പദവികൾ എന്തു നാണം കെട്ടും, ഏതുതരത്തിലുള്ള സമ്മർദ്ദത്തിനു വഴങ്ങിയും നിലനിർത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമായിക്കൂടിയാണ് ഇത്തരമൊരു സ്ഥിതിവിശേഷം ഉരുത്തിരിഞ്ഞു വരുന്നത് എന്നുകൂടി കാണേണ്ടതുണ്ട്.

മഹാരാഷ്ട്രയിൽ ഈ ബുദ്ധിമുട്ടൊന്നും ഉണ്ടാകുന്നില്ല. വൈദ്യുതിവ്യവസായം തങ്ങളുടെ സ്വന്തക്കാരായ വൻകിട മുതലാളിമാർക്ക് തീറെഴുതിക്കൊടുക്കാൻ പുതിയ കമ്പനികളുടെ തലപ്പത്തിരിന്നുകൊണ്ട് മന്ത്രിമാർക്കു നേരിട്ടു ചെയ്യാവുന്നതാണ്! ഇതൊരു ആകർഷകമായ മാതൃകയായി പലരും സ്വീകരിച്ചുകൂടെന്നുമില്ല!!

ബോർഡിന്റെ വിഭജനത്തിനെതിരെ, MSEB യിലെ 14 സംഘടനകൾ ഒന്നുചേർന്ന് ജൂൺ-6 ന് സംസ്ഥാന വൈദ്യുതി ഓഫീസുകൾക്കുമുമ്പിൽ കൂട്ടധർണ്ണ സംഘടിപ്പിച്ചു. പണിമുടക്കു നടത്തുന്നതിനുള്ള കൂടിയാലോചന ഇതെഴുതുമ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

കെ.ആർ.

Hazira Comes Onstream

On April 21, the Hazira LNG terminal promoted by Shell and Total Gaz was formally inaugurated following the unloading of the first cargo of LNG (60,000 tonnes from Australia).

നേരിയമംഗലം എക്സ്റ്റൻഷൻ സ്കീം – Hcp] T\wþ I

ആർ. സുകു, എക്സി. എഞ്ചിനിയർ

നേരിയമംഗലം എന്ന സ്ഥലം എറണാകുളം ജില്ലയുടെ കിഴക്കേ അറ്റത്താണെങ്കിലും നേരിയമംഗലം പവ്വർഹൗസ് സ്ഥിതിചെയ്യുന്നത് ഇടുക്കി ജില്ലയിലെ കല്ലാർകുട്ടിയിൽനിന്നും 7 km അകലെയുള്ള പനംകുട്ടി എന്ന സ്ഥലത്താണ്. നേരിയമംഗലം എന്ന സ്ഥലവും പവ്വർഹൗസും തമ്മിൽ ഏതാണ്ട് 30 km അകലവുമുണ്ട്. നിലവിലുള്ള പവ്വർഹൗസിന്റെ മുന്നിലായിട്ടാണ് 25 MW സ്ഥാപിതശേഷിയുള്ള പുതിയ പവ്വർഹൗസ് നിർമ്മിക്കാൻ തുടങ്ങിയിരിക്കുന്നത്. രണ്ടു പവ്വർഹൗസുകളുടെ ഭിത്തികൾ തമ്മിലുള്ള അകലം വെറും 4.557 m മാത്രമായിരിക്കും. ഈ പവ്വർഹൗസിന്റെ പ്രത്യേകത പുതിയതായി ടണൽ നിർമ്മിക്കേണ്ടതില്ല എന്നതാണ്. അതായത് നിലവിലുള്ള ടണലിന് പുതിയതായി നിർമ്മിക്കുന്ന 25 MW ന് ആവശ്യമായ ജലം കൂടി നൽകുവാൻ ശേഷിയുണ്ട്. മാക്സിമം ഡിസൈൻ ഫ്ളോ 1105 Cusecs ആണ്.

ഇപ്പോഴുള്ള പവ്വർഹൗസിന്റെ ശേഷി 45 MW ആണ്. RMU (Renovation, Modernisation & Upgradation) ജോലിയുടെ ഭാഗമായി ശേഷി 54 MW ആയി വർദ്ധിക്കും. നം. I മെഷിന്റെ RMU ജോലികൾ പൂർത്തിയായി. നം. II മെഷിന്റെ ജോലികൾ ഡിസംബറിൽ ആരംഭിച്ച് 2006 ജൂണിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതായത് മൺസൂൺ ആരംഭിക്കുന്നതിനു മുമ്പ് മൂന്നു മെഷിനുകളും പ്രവർത്തനസജ്ജമാക്കിയാൽ കല്ലാർകുട്ടി ഡാമിൽ വെള്ളം നിറഞ്ഞ് കവിഞ്ഞ് പോകുന്നത് ഒരു പരിധിവരെ നിയന്ത്രിക്കാം. പുതിയ പവ്വർഹൗസ് നിർമ്മാണം പൂർത്തിയായാൽ പന്നിയാർ, ചെങ്കുളം നിലയങ്ങൾ പൂർണ്ണനിലയിൽ മൺസൂൺ കാലത്ത് ഓടിച്ചാലും, കല്ലാർകുട്ടി ഡാം സ്പിൽ ആകില്ല.

മുതിരപ്പുഴ ബേസിനിലുള്ള ഡാമുകളുടെയും, പവ്വർഹൗസുകളുടെയും പ്രവർത്തനം പരിശോധിക്കുന്നത് നല്ലതാണ്. (ചിത്രം പരിശോധിക്കുക). സംസ്ഥാന അതിർത്തിയോടടുത്തുള്ള കുണ്ടള ഡാമിൽ വെള്ളം സംഭരിച്ചുവയ്ക്കും. അതിനു താഴെയുള്ള മാട്ടുപ്പെട്ടിഡാമിൽ ജലനിരപ്പുകുറയുമ്പോൾ കുണ്ടള ഡാമിലെ വെള്ളം മാട്ടുപ്പെട്ടിഡാമിലേക്ക് തുറന്നുവിടും. മാട്ടുപ്പെട്ടി ഡാമിനോടു ചേർന്നുള്ള 1.5 MW ശേഷിയുള്ള ചെറിയ പൗവ്വർഹൗസ് വഴി വെള്ളം ഒഴുകി മൂന്നാറിലുള്ള RA ഹെഡ്വർക്സിലെത്തും. ഇവിടേക്ക് നല്ലതണ്ണി, തുടങ്ങിയ ആറുകളിൽ നിന്നുമുള്ള വെള്ളവും എത്തും. ഇവിടെനിന്നും ടണൽ മാർഗ്ഗവും തുടർന്നു പെൻസ്റ്റോക് വഴിയും ജലം പള്ളിവാസൽ പവ്വർഹൗസിലെത്തുന്നു. ഇവിടെനിന്നും ഒഴുകി എത്തുന്ന ജലം 1070 HP കപ്പാസിറ്റിയുള്ള രണ്ട് പമ്പ് ഉപയോഗിച്ച് പമ്പ് ചെയ്താണ് ചെങ്കുളം ഡാമിൽ വെള്ളം എത്തിക്കുന്നത്. പള്ളിവാസൽ എക്സ്റ്റൻഷൻ പൂർത്തിയായാൽ ഈ പമ്പിംഗ് ഇല്ലാതെ തന്നെ ചെങ്കുളംഡാമിൽ വെള്ളം എത്തും. ഇവിടെ നിന്നും ടണൽ മാർഗ്ഗവും തുടർന്ന് പെൻസ്റ്റോക് വഴിയും ചെങ്കുളം പവ്വർഹൗസിൽ വെള്ളമെത്തുന്നു. ഇവിടെനിന്നും വെള്ളം ഒഴുകി മുതിരപ്പുഴയാറ്റിലേക്കും എത്തുന്നു.

ഇതുപോലെതന്നെ സംസ്ഥാനാതിർത്തിയോടു അടുത്തുള്ള ഡാമാണ് ആനയിറങ്കൽ ഡാം. ഇവിടെ വെള്ളം ശേഖരിക്കുന്നു. പൊൻമുടി ഡാമിൽ ജലനിരപ്പു താഴുമ്പോൾ ആനയിറങ്കൽ ഡാമിലെ ജലം തുറന്നുവിടും. ഇതിനിടയിലായിട്ടാണ് 21 MW സ്ഥാപിത ശേഷിയുള്ള കൂത്തുംഗൽ സ്വകാര്യവൈദ്യുതി നിലയം. ഇതുകൂടാതെ പന്നിയാർ അഗ്മെന്റേഷൻ വഴി പള്ളിവാസൽ പവ്വർഹൗസിലെ പമ്പിങ്ങുകഴിഞ്ഞ് കൂടുതലായി വരുന്ന ജലം പന്നിയാറിലേക്ക് എത്തുന്നുണ്ട്. പൊൻമുടിഡാമിൽനിന്നും ടണൽ വഴിയും തുടർന്ന് പെൻസ്റ്റോക്ക് വഴിയും എത്തുന്ന ജലം ഉപയോഗിച്ച് പന്നിയാർ പവ്വർഹൗസ് പ്രവർത്തിക്കുന്നു. ഇതിന്റെ സ്ഥാപിതശേഷി 32 MW ആണ്. ഇവിടെനിന്നുമൊഴുകി എത്തുന്ന ജലവും മുതിരപ്പുഴ ആറ്റിലാണ് എത്തുന്നത്. ഈ രണ്ടു പവ്വർഹൗസുകളിൽനിന്നും ഒഴുകി എത്തുന്ന ജലം മുതിരപ്പുഴ ആറ്റിലൂടെ കല്ലാർകുട്ടി ഡാമിൽ എത്തിച്ചേരുന്നു. ഈ ഡാമിലേക്ക് ഇപ്പോൾ കല്ലാറിൽനിന്നുമുള്ള വെള്ളവും എത്തുന്നുണ്ട്. (കല്ലാർഡൈവർഷൻ പണിപൂർത്തിയായാൽ ഈ ജലം ചെങ്കുളം ഡാമിൽ എത്തിച്ചേരും)

ഈ ഡാമിൽനിന്നും 3.396 km നീളത്തിൽ ടണലിലൂടെയും തുടർന്ന് പെൻസ്റ്റോക് വഴിയും നേരിയമംഗലം പവ്വർഹൗസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വെള്ളം എത്തുന്നു. ഇവിടെനിന്നും ഒഴുകി എത്തുന്ന ജലം, പാംബ്ല ഡാമിൽ തടഞ്ഞു നിർത്തിയാണ് ലോവർ പെരിയാർ പർഹൗസ് പ്രവർത്തിക്കുന്നത്. പാംബ്ല ഡാമിലേക്ക് ഇടുക്കി–ചെറുതോണിയിൽനിന്നും കൂടി ജലം ഒഴുകിയെത്തുന്നുണ്ട്.

ê

കല്ലാർകുട്ടി ജനറേഷൻ ഡിവിഷന്റെ ചുമതല ഈ ലേഖകനുണ്ടായിരുന്ന 2004–ൽ നേരിയമംഗലം RMU ജോലിയുടെ ഭാഗമായി കല്ലാർകുട്ടി ഡാം പൂർണ്ണമായും വറ്റിച്ചിരുന്നു. തുടർന്നു ടണലിൽ നടത്തിയ പരിശോധനയിൽ താഴെപറയുന്ന കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണെന്നു ബോധ്യം വരുകയും ഈ വിവരങ്ങൾ ഉന്നതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു.

1. തടിയോ മറ്റ് സാധനങ്ങളോ ടണലിനുള്ളിൽ കടക്കാതിരിക്കാൻ ടണൽ മൗത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഷ് റാക്ക് (Trash rack) (വെർട്ടിക്കലായി MS സ്ട്രിപ്പുകൾ ഏകദേശം 30mm അകലത്തിൽ ഉറപ്പിക്കുന്നത്) ൽ ചെളിയും പായലും പിടിച്ച് ഏതാണ്ട് ടണൽ മൗത്തിന്റെ പകുതിയോളം അടഞ്ഞിരിക്കുന്നു. ടണലിനുള്ളിലെ വെള്ളത്തിന്റെ വെലോസിറ്റി 4.16 m/s ആണ്. ട്രാഷ് റാക്കിലെ ഈ തടസ്സം ഉല്പാദനത്തെ ദോഷകരമായി ബാധിക്കും.

2. ടണൽ മൗത്തിൽ ചെളി അടിഞ്ഞിട്ട് അതിന്റെ മുകൾവശം ടണലിന്റെ നിരപ്പോളം എത്തിയിട്ടുണ്ട്. ഇതും ഉല്പാദനത്തെ ബാധിക്കും. 23.46 Meter താഴ്ചയുള്ള ടണൽ സില്ലിന്റെ നല്ലയൊരളവ് ചെളിയാൽ മൂടപ്പെട്ടിരിക്കുകയാണ്.

3. ടണൽ ഇൻടേക് ഷട്ടർ D ഷേപ്പിലുള്ള ടണലിന്റെ മുകളിലത്തെ Curve-ൽ പൂർണ്ണമായും അടഞ്ഞിരിക്കുകയാണ്. വാട്ടർ ത്രസ്റ്റ് മൂലം ഈ ഷട്ടർ അകത്തേക്ക് വളഞ്ഞിട്ടുണ്ട്. (കുറേ ഭാഗം മുറിച്ചു നീക്കി). ഇത് നെറ്റ്ഹെഡിനെ ബാധിക്കും. ഈ ഷട്ടർ മുകളിലോട്ടോ താഴേക്കോ അനക്കാൻ കഴിയില്ല. വാട്ടർ ത്രസ്റ്റ് മൂലം അതിലെ C ചാനലും I ബീമും ഇളകിപ്പോയിരിക്കുകയാണ്. (ഇളകി ടണലിൽകിടന്നത് മുറിച്ചു നീക്കം ചെയ്തു.)

4. ടണലിനുള്ളിൽ നടത്തിയ പരിശോധനയിൽ ടണലിന്റെ കോൺക്രീറ്റ് ലൈനിംഗ് പല സ്ഥലങ്ങളിലായി ഇളകിയിട്ട് ഒരാൾക്ക് ഇരിക്കാവുന്നത്ര വലിപ്പത്തിൽ ഗർത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ നിന്നു വീണ്ടും പാറകൾ അടർന്നുവീഴുവാനും സാധ്യതയുണ്ട്. ഇങ്ങനെ സംഭവിച്ചാൽ അത് റണ്ണറിനു കേടുപാടുകൾ ഉണ്ടാക്കുവാൻ സാധ്യതയുണ്ട്. ഈ ഗർത്തങ്ങൾ വാട്ടർ വെലോസിറ്റിയെ ബാധിക്കും. ഇതും ഉത്പാദനത്തെ ബാധിക്കുന്ന ഘടകമാണ്.



5. സർജ്ഷാഫ്റ്റിന്റെ പിറ്റിൽ മണലും ചെളിയും പാറക്കഷ്ണങ്ങളും നിറഞ്ഞുകിടക്കുകയാണ്. ടണൽ വഴി എന്തെങ്കിലും സാധനങ്ങൾ ഒഴുകിയെത്തിയാൽ അവ നേരെ പെൻസ്റ്റോക് വഴി റണ്ണറിലെത്തും. ഇവ നീക്കം ചെയ്യേണ്ടതാണ്.

6. സർജ്ഷാഫ്റ്റിനു മുകളിൽ നെറ്റ് സ്ഥാപിച്ചിട്ടില്ലാത്തിനാൽ പനംകുട്ടിമലയിൽനിന്നും അടർന്നുവീഴുന്ന പാറക്കഷ്ണങ്ങളും മറ്റു സാധനങ്ങളും നേരെ ടണലിലെത്തി പെൻസ്റ്റോക്ക് വഴി റണ്ണറിനെ തകരാറിലാക്കും. (4.5 meter) ഡയമീറ്ററിലുള്ള വലിയ കിണറാണ് ഈ സർജ്ഷാഫ്റ്റ്.

ഇത്രയും കാലം ഹെഡ്സ്ലിയലെ ഈ വ്യതിയാനം ബോദ്ധ്യപ്പെടാതിരിക്കാൻ കാരണം ആവശ്യത്തിലധികം കപ്പാസിറ്റി ടണലിന് ഉള്ളതിനാലായിരുന്നു. എന്നാൽ 25 MW കൂടി വരുമ്പോൾ ഇത് മുഴുവൻ ഉൽപാദനത്തെയും ബാധിക്കും. അതുകൊണ്ട് ടണലിന്റെ അറ്റകുറ്റപ്പണി അടിയന്തിര പ്രാധാന്യത്തോടെ നടത്തേണ്ടതായുണ്ട്.

ടണൽ ഇൻടേക് ഷട്ടർ മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ നേരിയമംഗലം എക്സ്റ്റൻഷന്റെ ഭാഗമായി ടണലും പുതിയ Low Pressure Pipe (LPP) ഉമായി ചേർക്കുന്ന നിർമ്മാണജോലി നടക്കുന്ന അത്രയും നാൾ ടണൽവഴി വെള്ളം കടന്നുവരാതിരിക്കാനായി പന്നിയാർ, ചെങ്കുളം, പള്ളിവാസൽ നിലയങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയില്ല. കല്ലാർകുട്ടി ഡാമിന്റെ മെയിൻഗേറ്റു വഴിയും സ്ലൂയീസ് വാൽവു വഴിയും വെള്ളം ഒഴുക്കിവിട്ടാലും ലെവൽ ഉയരാൻ സാധ്യതയുണ്ട്; ഈ പവ്വർഹൗസുകൾ ഓടിച്ചാൽ. ഈ നിലയങ്ങൾ ഓടിക്കാതെയിരുന്നാൽ ലോവർപെരിയാർ നിലയവും പ്രവർത്തിപ്പിക്കാനാവശ്യമായ വെള്ളം ലഭിക്കില്ല. ഇതു നമ്മുടെ സിസ്റ്റത്തെ ആകെ തകരാറിലാക്കും. ഷട്ടർ സ്ഥാപിച്ച് മെയിൻഗേറ്റും, സ്ലൂയിസ് വാൽവും തുറന്നിട്ടാൽ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ നിലയങ്ങൾ ആവശ്യം വന്നാൽ ഓടിക്കാം. ആ വെള്ളം ഉപയോഗിച്ച് ലോവർ പെരിയാർ പവ്വർ ഹൗസും പ്രവർത്തിപ്പിച്ച് സിസ്റ്റം നിലനിർത്താൻ കഴിയും.

നിലവിലുള്ള ടണലിൽ നിന്നും LPP 101.19 മീറ്റർ നീളത്തിൽ സ്ഥാപിക്കണം. തുടർന്ന് 435 M നീളത്തിൽ HPP (High Pressure Pipe) സ്ഥാപിച്ച് ജലം നിർദിഷ്ട പവ്വർഹൗസിൽ എത്തിക്കും. ഈ പൈപ്പുകളുടെ വ്യാസം 5.35 M-ഉം 2 മീറ്ററും ആണ്. ഈ ജലം ഉപയോഗിച്ച് 500 RPM - ൽ വെർട്ടിക്കൽ ഫ്രാൻസിസ് ടർബൈൻ കറക്കിയാണ് 25 MW വൈദ്യുതിയുണ്ടാക്കുന്നത്. പവ്വർഹൗസ് സ്ഥാപിക്കുന്ന ജോലിയും പെൻസ്റ്റോക് സ്ഥാപിക്കുന്ന ജോലിയും പുരോഗമിച്ചു വരുന്നു. ഇപ്പോഴത്തെ തറനിരപ്പിൽനിന്നും 14 മീറ്റർ ആഴത്തിൽ പാറപൊട്ടിച്ചു മാറ്റിയാണ് ടെയിൽറേസ് നിർമ്മിക്കേണ്ടത്. ടർബൈൻ നിരപ്പ് 10 മീറ്റർ താഴ്ചയിലാണ്. പഴയ പവ്വർഹൗസിനു യാതൊരു കേടുപാടും സംഭവിക്കാത്ത നിലയിലാണ് Blasting നടത്തുന്നത്. ഇവിടെ Control Blasting ആണ് നടത്തുന്നത്. NIRM നിർദ്ദേശിച്ചത് 2.23 Meter വരെ താഴ്ത്തി ബ്ലാസ്റ്റിങ്ങ് നടത്താമെന്നാണ്. എന്നാൽ അതിലും വളരെ കുറഞ്ഞ അളവിൽ ബ്ലാസ്റ്റിംഗ് നടത്തിയിട്ടും പഴയ പവ്വർഹൗസിനു കുലുക്കമുണ്ടാകുന്നുണ്ട് എന്ന ആക്ഷേപവുമുണ്ട്. ഇതു പരിഹരിക്കാനായി അളവ് ഇനിയും കുറച്ച്, ബ്ലാസ്റ്റിങ്ങിന്റെ എണ്ണം കൂട്ടേണ്ടിവരുന്നുണ്ട്. ഇത് പദ്ധതി പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാക്കും.

ടേൺ കീ അടിസ്ഥാനത്തിലുള്ള ഈ പവ്വർഹൗസിന്റെ നിർമ്മാണം 36 മാസത്തിനകം പൂർത്തിയാക്കാനായിട്ടാണ് K.S.E. Board ഉം VA Tech Echer Wyss ഉം, VA Tech Hydro യും, ASIATECH ഉം, തമ്മിൽ ഒപ്പിട്ടിരിക്കുന്ന എഗ്രിമെന്റ്. VA Tech Echer Wyss Flovel എന്ന കമ്പനി ഹരിയാനയിൽ ഫരീദാബാദിലും, VA Tech Hydro മധ്യപ്രദേശിലെ ഭോപ്പാലിനടുത്തും Asian Techs Ltd എന്ന കമ്പനി എറണാകുളത്തുമാണുള്ളത്.

Hydro Mechanical സാധനങ്ങളുടെ ഡിസൈനും, മാനുഫാക്ടറിംഗും, ഇറക്ഷനും, കമ്മീഷനിംഗുമാണ് VA Tech Echer എന്ന കമ്പനിയെ ഏൽപ്പിച്ചിരിക്കുന്നത്.

Electromechanical ഉപകരണങ്ങളുടെ ഡിസൈനിഗ്, മാനുഫാക്ചറിംഗ്, ഇറക്ഷൻ, കമ്മീഷനിംഗ് തുടങ്ങിയ ജോലികളാണ് VA Tech Hydro India Ltd - നെ ഏൽപ്പിച്ചിട്ടുള്ളത്.

Asiatech-നെ ഏൽപ്പിച്ചിട്ടുള്ള ജോലികൾ, ഡിസൈൻ, പവ്വർഹൗസ് നിർമ്മാണം, പെൻസ്റ്റോക് നിർമ്മാണം, വാൽവ് ഹൗസ് നിർമ്മാണം തുടങ്ങിയ സിവിൽ ജോലികളും ആണ്. *(ശേഷം അടുത്ത ലക്കം)*

സർവീസിൽ നിന്നും വിരമിച്ചു

ഇ. അബ്ദുൾ ഖാദർ, കോഴിക്കോട് ഡിസൈൻ സെല്ലിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ചു. സംഘടനയുടെ കണ്ണൂർ ജില്ലാ പ്രസിഡന്റ്, കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

അദ്ദേഹത്തിന്റെ ബനവലന്റ് ഫണ്ട് മെമ്പർഷിപ്പ്തുക സംഘടനയുടെ ബനവലന്റ് ഫണ്ടിലേക്ക് സംഭാവനയായി നല്കി.

EINSTEIN AND THE WORLD YEAR OF PHYSICS

R. Krishna Iyer
[C-CAPSS (formerly)]

Physics, after the year 1905, is no longer the same as that had existed based on the fundamental laws of nature according to Newtonian Physics. Newtonian physics existed even after the Copernican revolution, but it lost its base for ever with the introduction of Einstein's 'Theory of Relativity'. The comforting link between sensory experience and the fundamental laws of nature according to Newtonian Physics is also gone for ever. After the introduction of Einstein's Theory of Relativity, everything in the Universe could be viewed or learned only in a relative perspective.

Whoever interested in science and technology would try to know something about Einstein and his work. Unequivocally, Einstein is the greatest of all the scientists. He was a prominent Philosopher also. Here, it is a small attempt to introduce Einstein.

"Einstein was a public icon, recognized by the people across the world, in an era before television brought the world to everyone's door."

"The formula, $E=MC^2$, that will always be associated with Einstein's name, is perhaps the one scientific equation that is easily recognized by anyone. Half a century after his death in 1955, his image, even today, is perhaps more familiar than that of most contemporary men and women of science".

"In his lifetime, he acquired a moral stature that compelled the attention, albeit reluctant, of governments and political leaders when he spoke up on issues, which were not lacking in the first half of the 20th century marked by social and political turmoil. From Philosophy to the arts, intellectual life was not complete without engaging with his ideas and work."

The above quotes are a few of the encomiums that can be quite correctly attributed to Einstein, the great legend and scientist of the 20th century. A peep into the life of this great genius will be interesting.

ALBERT EINSTEIN, the first child of Herman Einstein and Pauline Koch, was born at Ulm, in Germany, on March 14, 1879. Einstein was a quiet child who stayed apart from his class-mates. He was not much interested in sports and games. Occasionally he suffered fits of temper. On one occasion, when he was five years old, he threw a chair at a teacher who taught him at home.

Einstein's early education, from age nine to fifteen, was in the Luitpold Gymnasium in Munich. He was not at all happy with this school. He disliked the authoritarian teachers and servile students and, the by rote learning – learning by heart from memory without thinking – practiced there. When his father moved the family to Italy, leaving young Einstein in Munich to finish education in the school there, he, pleading illness, managed to leave the school he disliked most and join his family in Italy.

Early influences:

Once when his father showed him a magnetic compass, he experienced a deep sense of wonder. He was struck by the idea that *"something deeply hidden had to be there behind things"*. This was one of the early influences that moulded the unfathomably intellectual philosopher Einstein.

Reading a book, at the age of twelve, on Euclidean Plain Geometry, whose lucidity and certainty, made an indescribable impression up on Einstein. His uncle Jakob, introduced him to Algebra, a subject he liked best. These two things influenced him to become a physicist.

When he was twelve, a family friend, Max Talmud, introduced Einstein to several works on science and philosophy. One among these was ***"The Critique of Pure Reason"*** by **Immanuel Kant**, a German philosopher, who was one of the greatest figures in the history of philosophy. According to Kant, ***faith, not knowledge, justifies belief in freedom of the will, immortality and God***. Kant evolved a system of thought that influenced all succeeding philosophers in one way or another.

In his works, Kant set forth intricate and well-knit arguments. He distinguished sharply between

the things of our experience (phenomena), which can be fitted into categories of our understanding (including causality and substantiality) and things in themselves (noumena), which the intellect cannot actually fathom. To illustrate the failure of the intellect to deal with noumena, he set up the antinomies, logical contradictions of principles which cannot be resolved; thus he demonstrated that space and time are infinite and that they are finite, that God exists and that he does not exist. Thus goes Kant's arguments. These intricate arguments of Kant influenced Einstein to a large extent, and that moulded a great philosopher in Einstein.



Einstein, although he performed very well in mathematics and the sciences, did not have a particularly remarkable school or university record. Outside the regular curriculum, Einstein was always deeply interested in science. His first attempt to enter the Federal Institute of Technology in Switzerland failed due to his poor performance in subjects other than mathematics and sciences. However, after passing the Swiss High School Diploma examination, he could enter ETH (Federal Institute of Technology).

Private Life of Einstein:

Current Einstein biographies tend to the view that his private persona was much less lovable than his public image would suggest.

In 1903 Einstein married Mileva Marie after overcoming his family's objections. At the time of the marriage, the couple had a two year old daughter, who was given for adoption, a fact known to the world only in the early 1980s. Further details about her are not forthcoming. After the marriage they had two sons. Einstein and Mileva separated in 1914, with the children being in the custody of Mileva. As the children were separated from Einstein at a very early age, it seems that no affectionate relationship developed between the children and Einstein.

In November 1915, Einstein achieved success in his General Theory of Relativity. From November, 1915 → until the spring of 1917, Einstein published papers on General Theory of Relativity at the rate of one paper every month. After this he seriously fell ill. His cousin Elsa nursed him carefully during his illness. Einstein was close with Elsa from 1912. He married her in 1919, after a divorce settlement with Mileva, which included the payment of the entire money he received as Nobel Prize later. Einstein was not so intimate with Elsa also. It is believed that his private life was much less lovable than his public image.

Elsa died in 1936. Einstein's sister Maria (Maja) joined him in 1939 in the US. She was with him till her last days in 1951 in Princeton, US. Helen Dukas was Einstein's secretary for more than twenty years. She managed his household and took care of him till the end. She was one of the trustees of Einstein's estate according to the will he prepared in 1950. She carried out that task until her death in 1982.

THE WORLD YEAR OF PHYSICS

Celebrating Physics:

The world celebrates 2005 as the 'WORLD YEAR OF PHYSICS' with exciting global projects. However, the Indian initiative has not been able to attract adequate public involvement due to the apathetic attitude of the Central Government(s) and the others concerned.

ê

Ernest Rutherford, the founder of Nuclear Physics, and a renowned physicist, once remarked: ***"Science is Physics, everything else is stamp collection."*** The pithy remarks of Rutherford is the most demonstrative, for none other could demonstrate the events of the wondrous year 1905 more aptly. In the year 1905, Albert Einstein, within a period of four months, published five authentic papers on Quantum Theory, Brownian motion and Special Relativity. Truly, these papers altered the course of Physics and, of course, our notion of time and space. It is the centenary of Einstein's wonder to the world, that the world is celebrating it as the World Year of Physics (WYP)- 2005 to commemorate that greatest revelation in respect of man's notion about the universe and also the greatest landmark in the history of science.

Each of those five legendary papers, which demolished many of the cherished scientific beliefs of the time alone would have placed Einstein as one of the great thinkers of the 20th century. His theories relating to matter, energy, space, time and gravity have formed the basis of much of the work of physicists in theoretical physics since 1905. His famous 'Thought Experiments', based on intuition and imagination rather than laboratory work, showed us that the universe is not a mechanistic "Clock work universe" as conceived by Isaac Newton and other classical physicists but a relativistic universe.

The idea of commemorating 2005 as the World Year of Physics (WYP) was first conceived at the World Congress of Physical Societies in Berlin in December, 2002. The WYP's primary goal is to "provide a positive physical encounter for people who would not normally experience physics, while also targeting secondary schools, colleges and universities."

The IUPAP resolution:

The General assembly of 'The International Union of Pure and Applied Physics (IUPAP), Berlin' passed a resolution in 2002 to the effect that:

Whereas Physics has been the basis of a developing understanding of the physical world and nature as a whole,

Whereas physics and its application are the basis of much of today's technology,

Whereas an education in Physics is essential for the nations of the developing world to develop their scientific infrastructure, and

Whereas the year 2005 marks the 100th anniversary of a series of great scientific advances of Albert Einstein,

Therefore, at the suggestion of the European Physical Society, the International Union of Pure and Applied Physics declares that 2005 should be the World Year of Physics and will seek support from appropriate national and international organizations.

Indian initiatives:

As per the report submitted by the committee constituted by the Scientific Advisory Committee to the Cabinet (SAC-C) to examine and recommend new science education initiatives from 10+2 onwards, a day-long seminar titled "Attracting Young People to Careers in Science", was organized on March 31, 2005 at the Indian Institute of Technology Delhi (IIT-D). Three important papers were discussed in the seminar, the summary of the proceedings of the seminar is under preparation by the Office of Principal Scientific Adviser to the Govt.

President Sri.A.P.J.Abdul Kalam released a special first day cover to mark the Year of Physics in India.

"Physics is essentially in everything and so our effort has been to bring together physicists and scientists of other disciplines on the same platform under a variety of conferences," pointed out Sri.Chidambaram. He added: "The celebration has been planned with the view to attract young brilliant minds to a career in science in general and physics in particular." He continued: "Though India today offers young researchers excellent facilities for the pursuit of an exciting and challenging future in physics, it remains to be seen whether these efforts as part of the ongoing WYP initiatives are able to make an impact in the young minds to plump for physics."

As a responsible organization, we also have to be involved actively in this endeavor. Therefore, let us also strive to propagate the message of the IUPAP.

O

യൂറോപ്യൻ യൂണിയന്റെ ഭാവി അനിശ്ചിതത്വത്തിൽ

യൂറോപ്യൻ യൂണിയനു വേണ്ടി 25 അംഗ രാഷ്ട്രത്തലവന്മാർ ചർച്ച ചെയ്ത് അംഗീകരിച്ച 448 വകുപ്പുകളുള്ള ഭരണഘടനാ ഉടമ്പടി മേയ് 29ന് ഫ്രാൻസിൽ നടന്ന ജനഹിതപരിശോധനയിൽ തിരസ്കരിക്കപ്പെട്ടു. 41.8 മില്ല്യൻ വരുന്ന ജനസംഖ്യയുടെ 70% പേർ വോട്ടു രേഖപ്പെടുത്തിയതിൽ 16 മില്യൻ പേർ 56% ഭരണഘടനയെ എതിർത്ത് 'നോൺ' രേഖപ്പെടുത്തിയതായാണ് കണക്ക്. മുഖത്ത് അടിയേറ്റ അവസ്ഥയിലായി പ്രസിഡന്റ് ഷാക്ക് ഷിറാക്ക്. ഫ്രഞ്ച് പ്രധാനമന്ത്രി ഴാങ്ങ് പിയറിയെ തൽസ്ഥാനത്ത് നിന്ന് മാറ്റി കൊണ്ടാണ് ഷിറാക്ക് മുഖം രക്ഷിച്ചത്.

ഷാക്ക് ഷിറാക്ക്

ഴാങ്ങ് പിയറി

തുടർന്ന് ജൂൺ 1 ന് നെതർലാണ്ടിൽ നടന്ന ജനഹിതപരിശോധനയിലും ഭരണഘടനയ്ക്കനുകൂലമായ ജനകീയ അംഗീകാരം നേടിയെടുക്കാനായില്ല. 61.6% പേർ 'നീ' രേഖപ്പെടുത്തിയെന്നാണ് റിപ്പോർട്ട്. യൂറോപ്യൻ യൂണിയന്റെ നിർദ്ദിഷ്ട ഭരണഘടനയുടെ വിധിയെന്താകുമെന്ന് വ്യക്തമാകുംവരെ യൂറൊ ഭരണഘടന സംബന്ധിച്ച് ഏപ്രിൽ-ജൂൺ കാലത്ത് നടത്താൻ തീരുമാനിച്ചിരുന്ന ഹിതപരിശോധനാ പരിപാടി മാറ്റിവെയ്ക്കുന്നതായി ഇതിനിടയിൽ ബ്രിട്ടൻ പ്രഖ്യാപിച്ചു. ഫ്രാൻസ് ജർമ്മനി തുടങ്ങിയ ഇ.യു.പങ്കാളികളുടെ അഭ്യർത്ഥന തള്ളിക്കൊണ്ടാണ് ബ്രിട്ടൻ ഈ നടപടി സ്വീകരിച്ചത്. അങ്ങനെ യൂറേപ്യൻ യൂണിയന്റെ ഭരണഘടനയുടെ ഭാവിയാകെ അനിശ്ചിതത്വത്തിലും പ്രതിസന്ധിയിലുമായിരിക്കുകയാണ്.

ഫ്രാൻസിനെപോലതന്നെ യൂറോപ്യൻ യൂണിയന്റെ സ്ഥാപകരാജ്യങ്ങളിലൊന്നാണ് നെതർലണ്ട്സും. ഈ രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന ജനദ്രോഹകരമായ സാമ്പത്തിക പരിഷ്കരണങ്ങളും, ഏകീകൃത യൂറോപ്പിൽ തങ്ങൾക്ക് വേണ്ടത്ര അംഗീകാരം ലഭിക്കില്ലെന്ന ചിന്തയും അസ്തിത്വം നശിക്കുമെന്ന ഭീതിയുമാണ് ഭരണഘടന തള്ളിക്കളയാൻ ഈ രാജ്യങ്ങളിലെ വോട്ടർമാരെ പ്രേരിപ്പിച്ചതെന്നാണ് നിരീക്ഷകമതം. യൂണിയന്റെ ഭാവിയെന്തെന്ന് തീരുമാനിക്കാൻ 16-17 തീയതികളിൽ ബ്രസൽസിൽ യൂറോപ്യൻ യൂണിയൻ കൗൺസിൽ ചേരുന്നുണ്ട്.

2004 ഒക്ടോബറിൽ റോമിൽ ഒപ്പുവെച്ച യൂറോപ്യൻ ഭരണഘടന മുഴുവൻ അംഗരാജ്യങ്ങളും അംഗീകരിച്ചാൽ മാത്രമേ പ്രാബല്യത്തിൽ വരുകയുള്ളൂ. ഇതിനകം ഇറ്റലിയും ജർമ്മനിയും സ്പെയിനുമടക്കം 99 രാജ്യങ്ങൾ യൂണിയൻ ഭരണഘടന അംഗീകരിച്ചത് വ്യർത്ഥമായിരിക്കുകയാണ്.

നിലവിലുള്ള നൈസ് ഉടമ്പടി വികസിത യൂറോപ്യൻ യൂണിയന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് കണ്ടതുകൊണ്ടാണ് പുതിയ ഭരണഘടനയ്ക്ക് രൂപം നൽകിയത്. പ്രസിഡന്റും പാർലമെന്റുമുൾപ്പെടെയുള്ള വിപുലമായ സംവിധാനമാണ് ഈ ഭരണഘടന നിർദ്ദേശിക്കുന്നത്. സാമ്പത്തിക വാണീജ്യ കൂടിയേറ്റ നിയമങ്ങൾ ഏകീകരിക്കലും പൊതു കറൻസി (യൂറോ) യുമാണ് പൊതുവേ ലക്ഷ്യമായി പ്രഖ്യാപിച്ചിരുന്നത്. ജനതാല്പര്യങ്ങളെ മാനിക്കാത്തതും സബ്സിഡിരഹിതവും സ്വതന്ത്രകമ്പോള സമ്പദ്ഘടനക്ക് മുൻതൂക്കം നല്കുന്നതും സംരക്ഷിത സമ്പദ്വ്യവസ്ഥയെ തകർക്കുന്നതുമാണ് നിർദിഷ്ട ഭരണഘടന. വിപണി വ്യസ്ഥയെ അങ്ങെ അറ്റം പ്രോത്സാഹിപ്പിക്കുന്ന ഭരണഘടനയിൽ മത്സരം എന്ന വാക്ക് 41 തവണയും വിപണി എന്ന വാക്ക് 78 തവണയും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യപുരോഗതി എന്ന വാക്ക് ഒരിടത്തും സൂചിപ്പിക്കുന്നില്ല. ഇതൊക്കെയാണ് ഭരമഘടനയ്ക്കെതിരെ പ്രധാന അക്ഷേപമായിയുയർന്നുവന്നത്. എന്നാൽ യൂറോപ്പിനെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് ചർച്ചചെയ്യപ്പെട്ടില്ല എന്ന ആക്ഷേപവുമുണ്ട്.

യുദ്ധാനന്തര യൂറോപ്പിന്റെ സമാധാനത്തിനും സമൃദ്ധിക്കും സ്ക്കൂമാൻ പ്രഖ്യാപനം ഉറപ്പു നല്കിയിരുന്നു. കഴിഞ്ഞ 5 ദശാബ്ദക്കാലം ഈ ദിശയിലുണ്ടായ യൂറോപ്പിന്റെ നെട്ടമെല്ലാം നിർദിഷ്ട യൂറോപ്യൻ ഭരണഘടനക്ക് അന്യമാണ്. ഫ്രാൻസിലെ കുഴഞ്ഞു മറിഞ്ഞ സാമ്പത്തികസ്ഥിതിയും പ്രസിഡന്റ് ഷാക്ക് ഷിറാക്കിന്റെ മദ്ധ്യ-വലതുപക്ഷ നയങ്ങളും യൂറോപ്യൻ യൂണിയൻ നിലവിൽ വന്നതിനുശേഷമുള്ള അനുഭവവും ഭൂരിപക്ഷം ഫ്രഞ്ചുകാരേയും അസംതൃപ്തരാക്കി. ഫ്രാൻസിൽ നിന്ന് കൂടുതൽ ലാഭം തേടി മൂലധനം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് പ്രവഹിച്ചു തുടങ്ങി. വ്യവസായങ്ങൾ കുറഞ്ഞ ഉല്പാദനച്ചെലവുള്ള രാജ്യങ്ങളിലേക്ക് പറിച്ചുനടാൻ തുടങ്ങി. ഇത് തൊഴിലില്ലായ്മ വർദ്ധിപ്പിച്ചു. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ശക്തിപ്പെടൽ ചൂക്ഷണശ്രമങ്ങളെ വർദ്ധിപ്പിക്കുമെന്ന ധാരണ ശക്തമായി. ഷിറാക്ക് ഗവൺമെന്റിന്റെ വലതുപക്ഷനയങ്ങൾ, തൊഴിലില്ലായ്മാ നിരക്ക് പത്ത്

ശതമാനമായി വർദ്ധിക്കുന്നതിന് കാരണമായി. പ്രതി വാരപ്രവൃത്തിസമയം 35 മണിക്കൂറിൽനിന്ന് 48 മണിക്കൂറായി വർദ്ധിപ്പിച്ചു. ഭരണഘടനാ ഉടമ്പടി സൃഷ്ടിക്കുന്ന പ്രതികൂലസംവിധാനങ്ങൾ ഫ്രാൻസിലെ സാമൂഹ്യസുരക്ഷ അപകടത്തിലാക്കും എന്ന ഇടതുപക്ഷ പാർട്ടികളുടെ പ്രചാരണവും ജനങ്ങളെ കാര്യമായി സ്വാധീനിച്ചു. അതിനുപുറമേ യൂറോപ്യൻ ഭരണഘടനയെ അംഗീകരിക്കാതെ നിവൃത്തിയില്ലെന്ന മധ്യ വലതുപക്ഷപ്രചാരണങ്ങൾ തീവ്ര വലതുപക്ഷക്കാർ ഏറ്റുപിടിച്ചത് ഫ്രഞ്ചു ദേശീയതയെ ഉണർത്തിവിട്ടു. ദേശീയത യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിൽ ഇപ്പോഴും ശക്തമായ വികാരമാണ്. പലവിധത്തിലും യൂറോപ്യൻ ഭരണഘടന സംബന്ധിച്ച ഹിതപരിശോധന ഫ്രാൻസിൽ നിലവിലുള്ള മധ്യവലതുപക്ഷ ഗവർൺമെന്റിനെതിരായ ഹിതപരിശോധനയായി മാറി. യൂറോപ്യൻ യൂണിയൻ എന്ന ആശയം ശക്തമായി വേരുപിടിച്ചിട്ടുണ്ടെങ്കിലും ദേശീയതയ്ക്ക് പകരംവെയ്ക്കാൻ കഴിയുന്ന സ്ഥിതിയിലായിട്ടില്ല. ആഭ്യന്തരപ്രശ്നങ്ങളിൽ ദേശീയവികാരം ഇപ്പോഴും ഒന്നാം സ്ഥാനത്തുതന്നെയാണ്. ശക്തിപ്പെടുന്ന യൂറോപ്പ് തങ്ങളുടെ ഏകലോകക്രമത്തിന് എതിരാണെന്ന ധാരണയുള്ള അമേരിക്ക യൂറോ സംഭവവികാസങ്ങളിൽ ഉള്ളുകൊണ്ട് ഊറിച്ചിരിക്കുന്നുണ്ടാവും. യൂറോപ്യൻയൂണിയനെ മരവിപ്പിക്കാൻ ബ്രിട്ടനെ ഉപയോഗിച്ച് പല കളികളും അമേരിക്ക മുമ്പ് നടത്തിയിട്ടുണ്ടെങ്കിലും ഇപ്പോൾ അമേരിക്ക ഇക്കാര്യത്തിൽ പരസ്യമായ പ്രതികരണമൊന്നും രേഖപ്പെടുത്തിയിട്ടില്ല. അമേരിക്കയും ബ്രീട്ടനും ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ ആധിപത്യശ്രമത്തെ തുറന്നെതിർക്കാൻ തടസ്സം നിലക്കുന്ന ഭരണഘടനയാണ് തങ്ങൾ തള്ളിക്കളഞ്ഞതെന്നാണ് ഫ്രാൻസിലെ 'നോൺ' വോട്ടർമാരുടെ അഭിപ്രായം.

ചുരുക്കത്തിൽ ആഭ്യന്തരപ്രശ്നങ്ങൾ പ്രത്യേകിച്ചും ജനങ്ങളുടെ ഉപജീവനമാർഗ്ഗം സാമൂഹ്യ സുരക്ഷ, ജനസാമാന്യത്തിന്റെ ഭാവി എന്നീ പ്രശ്നങ്ങളിൽ തട്ടി യൂറോപ്പിന്റെ രാഷ്ട്രീയ ഏകീകരണം എന്ന അടിയന്തരകാര്യംകൂടിക്കുഴയുകയാണ്. ഉദാരവല്ക്കരണനയങ്ങൾ ജനതാല്പര്യം മുൻനിർത്തി തിരുത്തപ്പെടേണ്ടതാണെന്ന ബോധം കുറച്ചെങ്കിലും അതാതുരാജ്യങ്ങളിലെ ഭരണാധികാരികളിൽ സൃഷ്ടിക്കുന്നതിന്, ഫ്രാൻസിലേയും നെതർലണ്ടിലേയും ഹിതപരിശോധന ഹേതുവാകുമെന്നത് തീർച്ചയാണ്. **ഇൻഡ്യൻ ഭരണാധികാരികൾക്കും ഇതിൽനിന്ന് പല പാഠങ്ങളും പഠിക്കാനുണ്ട്. കഴിഞ്ഞ പൊതുതെരഞ്ഞെപ്പിൽ ഇൻഡ്യൻ ജനങ്ങൾ വർഗ്ഗീയതയ്ക്കൊപ്പം പുത്തൻ സാമ്പത്തിക ആഗോളവല്ക്കരണനയങ്ങളേയും തിരസ്ക്കരിച്ചിരുന്നുവെന്നത് മൻമോഹൻസിംഗും സോണിയയുമൊക്കെ എപ്പോഴും ഓർക്കുന്നത് അവർക്ക് നല്ലതാണ്.**

–സി. രവീന്ദ്രൻ

വൈദ്യുതി സബ്സിഡി നിർത്തലാക്കുന്നത് ഭക്ഷ്യ സുരക്ഷയെ ബാധിക്കും

കർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്നത് നിർത്തണമെന്ന പ്രധാനമന്ത്രിയുടെ അഭിപ്രായം ആത്മഹത്യാപരമാണെന്നും ഇത് ഭക്ഷ്യസുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നും നാഷണൽ കോ–ഓഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആൻഡ് എഞ്ചിനിയേഴ്സ് പറഞ്ഞു. സംസ്ഥാന വൈദ്യുതി ബോർഡുകൾ വിഭജിക്കണമെന്ന് സംസ്ഥാന ഊർജ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ പ്രധാനമന്ത്രി നിർദേശിച്ചത് പ്രതിഷേധാർമാണെന്നും കോ–ഓർഡിനേഷൻ കമ്മറ്റി കൺവീനർ ബി.എസ്. മീൽ പ്രസ്താവനയിൽ പറഞ്ഞു.

കോ–ഓർഡിനേഷൻ കമ്മറ്റിയുമായി നടത്തിയ നാല് ചർച്ചകളിൽ ഊർജമന്ത്രാലയം നടത്തിയ ഒളിച്ചുകളികളുടെ ഭവിഷ്യത്തു കൂടിയാണ് പ്രധാനമന്ത്രിയുടെ ഈ പ്രസ്താവന. വൈദ്യുതി ബോർഡുകൾ സ്വകാര്യവൽക്കരിക്കാനും വിഭജിക്കാനും തയ്യാറാവാത്ത സംസ്ഥാന സർക്കാരുകളെ മന്ത്രാലയത്തിലെ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ബ്യൂറോക്രാറ്റുകൾ സമ്മർദത്തിലാക്കുകയാണ്. ത്വരിത വൈദ്യുതി വികസനത്തിനും പരിഷ്കാരങ്ങൾക്കും പണമനുവദിക്കില്ലെന്നു പറഞ്ഞാണ് ഇത്തരം സമ്മർദങ്ങൾ. ഊർജമന്ത്രാലയം ഇതിലൂടെ പൊതുമിനിമം പരിപാടിയുടെ തത്വങ്ങൾ ലംഘിക്കുകയാണ്.

ഊർജമേഖലയിൽ നവലിബറൽ സാമ്പത്തിക നയങ്ങൾ നടപ്പാക്കിയതിനെത്തുടർന്നുള്ള പതിനഞ്ചു വർഷത്തെ അനുഭവങ്ങൾ ഒട്ടും ആശാസ്യമല്ല. ഇത് വൈദ്യുതി ലഭ്യതയെയും പ്രാപ്യതയെയും പ്രതികൂലമായി ബാധിക്കുകയും തുടർച്ചയായ താരിഫ് വർധനയ്ക്ക് ഇടയാക്കുകയും ചെയ്തു. ആഡംബര ആവശ്യങ്ങൾക്കായി വിലകൂടിയ വൈദ്യുതി വാങ്ങാൻ സമ്പന്നർക്ക് മാത്രമേ കഴിയൂ എന്നതിനാൽ പാവപ്പെട്ടവർക്ക് വൈദ്യുതി ലഭിക്കാത്ത സ്ഥിതിയാണ്. സേവനരംഗത്തെയും ഇത് ബാധിച്ചു. വൈദ്യുതി നിയമം 2003 ഊർജമേഖലയുടെ സ്വകാര്യവൽക്കരണത്തിലാണ് ഊന്നുന്നത്. വൈദ്യുതി വില കമ്പോള ശക്തികൾ നിയന്ത്രിക്കുന്നതോടെ ഭൂരിപക്ഷത്തിനും വൈദ്യുതി കിട്ടാക്കനിയാവും – പ്രസ്താവനയിൽ പറഞ്ഞു. o

Leadership is action not position

വൈദ്യുതി നയത്തിനെതിരായ പോരാട്ടം പുതിയതലത്തിലേക്ക്

കെ.ആർ. ഉണ്ണിത്താൻ

സിംലയിൽ വൈദ്യുതി വകുപ്പു സെക്രട്ടറിമാരുടെ യോഗത്തിലും നാഫ്ത ജാഗ്രി പദ്ധതി രാഷ്ട്രത്തിനു സമർപ്പിച്ചുകൊണ്ടും പ്രധാനമന്ത്രിചെയ്ത പ്രസംഗങ്ങൾ വലിയ വിവാദമുയർത്തുന്നതാണ്. കാരണം മറ്റൊന്നു മല്ല, മേയ് 17 ന് ഗവൺമെന്റിനു വേണ്ടി വൈദ്യുതി മന്ത്രി സെയ്ത്, വൈദ്യുതി ജീവനക്കാരുടെയും എഞ്ചിനീയ ർമാരുടേയും ഏകോപനസമിതി നേതാക്കളുമായി നട ത്തിയ ചർച്ചയ്ക്കൊടുവിൽ എഴുതി തയാറാക്കി നൽകിയ കത്തിന്റെ നേർ ലംഘനമാണ് അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ പ്രസംഗങ്ങൾ. വൈദ്യുതി ബോർഡിനെ ഉടനെ വിഭജിയ്ക്കണമെന്നും, കൃഷിക്കാർക്കുള്ള സബ്സിഡികൾ തുടരാൻ കഴിയില്ല എന്നുമാണ് അതിന്റെ സാരാംശം. ഇടതുപക്ഷ രാഷ്ട്രീയ വിശ്വാ സികൾക്ക് യു.പി.എ ഗവൺമെന്റിന്റെ ഈ സമീപന ത്തിൽ ഒട്ടും അതിശയമില്ല. നവ ഉദാരവത്കരണ നയ ങ്ങൾകൊണ്ട് ഊടുംപാവുമിട്ട ഈ ഗവൺമെന്റിന്റെ പ്രവർത്തനം ചൂഷിതനെതിരായി ചൂഷിതപക്ഷത്തേക്ക് ശക്തമായ അടിയൊഴുക്കുണ്ടാക്കുന്നതാണ്. ഈ അടി യൊഴിക്കിനെ കഴിയാവുന്നത്ര കൂട്ടായി പ്രതിരോധി യ്ക്കാനും, പതിയിരിയ്ക്കുന്ന അപകടങ്ങളെപ്പറ്റി ജന ങ്ങൾക്കു മുന്നറിവുനൽകാനും, കൂടുതൽ കരുത്തുറ്റ പ്രതിരോധമുയർത്താൻ ഇടവേള ലഭ്യമാക്കാനുമാണ് കഴിഞ്ഞ മേയ് 17 ന് വൈദ്യുതി മന്ത്രിയുമായുള്ള ചർച്ച യിൽ ഇടതുപക്ഷ സംഘടനനേതാക്കൾ ശ്രമിച്ചത്. പ്രധാനമന്ത്രിയുടെകൂടി അറിവോടെ അന്ന് എഴുതിക്കൊ ടുത്ത രേഖയിലെ മഷി ഉണങ്ങുന്നതിനുമുമ്പ് ഗവൺമെന്റെടുത്ത സമീപനത്തിനെതിരായി പ്രധാനമ ന്ത്രിതന്നെ നേരിട്ട് അരങ്ങത്തെത്തിയപ്പോൾ, മനസ്സിലാ ക്കേണ്ടത്, സാമ്രാജ്യത്വ-മൂലധനശക്തികൾ എത്രഗൗ രവത്തോടെ അന്നത്തെ ചർച്ചയെയും തീരുമാന ത്തെയും കണ്ടിരിക്കുന്നു എന്നും അവരുടെ ഇടപെടൽ എത്രവേഗത്തിലും കരുത്തിലും ആയിരുന്നു എന്നും മാത്രമാണ്.

വൈദ്യുതി നിയമം-2003 പുനഃപരിശോധിക്കണ മെന്ന് ആവശ്യപ്പെട്ട്, വൈദ്യുതിജീവനക്കാരുടെയും എഞ്ചിനിയർമാരുടെയും ഏകോപനസമിതി പ്രചാരണ പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നല്ലോ. യു.പി.എ ഗവൺമെന്റ് അധികാരത്തിലെത്തിയതിനെ തുടർന്ന്,2004 സെപ്തംബറിൽ ഏകോപന സമിതി നേതാക്കൾ, പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെ കണ്ട്, ഇക്കാര്യം സംബന്ധിച്ച് സമർപ്പിച്ച വിശദമായ മെമ്മോറാണ്ടം പ്രധാനമന്ത്രി, വൈദ്യുതിമന്ത്രിക്ക് അയച്ചുകൊടുക്കുകയും, അദ്ദേഹവുമായി ചർച്ചനട ത്താൻ ഏകോപനസമിതി നേതാക്കളോട് ആവശ്യപ്പെ ടുകയും ചെയ്തുവെങ്കിൽപ്പോലും 2004 ഡിസംബർ വരെ കേന്ദ്രവൈദ്യുതി മന്ത്രി സെയ്ത് അതിനു തയ്യാറായില്ല.ശ്രദ്ധേയമാംവിധം നടന്ന വൈദ്യുതി ജീവനക്കാരുടെ വമ്പൻ പാർലമെന്റ് മാർച്ചിനെ തുടർന്നാണ് സെയ്ത് ചർച്ചയ്ക്ക് തയ്യാറായത്. വിഷയം ഫലപ്രദമായി ചർച്ച ചെയ്യാനും പരിഹാരം കാണാനു മല്ല ചർച്ചയിൽ മന്ത്രിയും അദ്ദേഹത്തിന്റെ സെക്രട്ടറി ഷാഹിയും ശ്രമിച്ചത്. തുടർന്ന് വിവിധ സംസ്ഥാനങ്ങ ളിൽ പണിമുടക്കവും, പ്രക്ഷോഭവും വ്യാപകമായതിനെ തുടർന്ന് 2005-മാർച്ച് 10ന് വീണ്ടും ഏകോപനസമിതി നേതാക്കളെ ചർച്ചയ്ക്കു ക്ഷണിച്ചു. നിയമത്തിൽ പുനഃപരിശോധനവേണ്ട നിരവധിപ്രശ്നങ്ങളിൽ നാലുകാര്യങ്ങളെങ്കിലും അന്ന് ചർച്ചചെയ്ത് പരിഹാരം കാണണമെന്ന് ഏകോപനസമിതി നേതാക്കൾ മന്ത്രിയോടാവശ്യപ്പെട്ടു. അവ താഴെപ്പറയുന്നവയായിരു ന്നു.

1. രാജ്യത്തെ കാർഷിക-ഗാർഹിക ഉപഭോക്താക്കളു ടെയും, ചെറുകിട വ്യവസായങ്ങളുടെയും വൈദ്യുതിനിരക്ക് വൻതോതിൽ വർദ്ധിപ്പിക്കുന്ന വിധം ക്രോസ് സബ്സിഡി നിയന്ത്രിക്കുകയും, എടുത്തുകളയുകയും ചെയ്യുന്ന നിയമത്തിലെ വ്യവസ്ഥകൾ പുനഃപരിശോധിക്കണം.
2. ഗ്രാമീണ മേഖലകളെ മറ്റുമേഖലകളിൽ നിന്നും വേർപെടുത്തി ഗ്രാമീണ വൈദ്യുതി ശൃംഖലയുടെ പരിപാലനം, സന്നദ്ധ സംഘടനകൾ, സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ എന്നിവയെ ഏല്പിക്കുന്ന നിയമത്തിലെ വ്യവസ്ഥയും നയവും, പുനഃപരിശോധിക്കണം. ഗ്രാമ വൈദ്യുതീകരണ ത്തിനും വികസനത്തിനും തടസ്സമാകുന്ന ഈ സമീപനം മാറ്റി, ഇക്കാര്യങ്ങളുടെ ഉത്തരവാദിത്വം കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കണം.
3. വൈദ്യുതി ബോർഡുകളുടെ സ്വകാര്യവത്കരണം ലക്ഷ്യമാക്കിയുള്ളതും, വൈദ്യുതി നിരക്കു വർദ്ധനയ്ക്ക് വഴിവെയ്ക്കുന്നതുമായ ബോർഡുക ളുടെ വിഭജനവും കമ്പനി വത്കരണവും നിർത്തിവെയ്ക്കണം.

ê

4. ബോർഡുകൾ വിഭജിച്ചു കമ്പനികളാക്കിയിട്ടുള്ള സംസ്ഥാനങ്ങളിൽ പലതിലും ആരംഭിച്ചിട്ടുള്ള സ്വകാര്യവത്കരണം നിർത്തിവെയ്ക്കണം.

ബോർഡുകളുടെ വിഭജനം പൂർണ്ണമായും സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ വരുന്നതായതിനാൽ, കേന്ദ്രഗവൺമെന്റിന് ഒന്നുംചെയ്യാനില്ല എന്നായിരുന്നു കേന്ദ്രഗവൺമെന്റിന്റെനിലപാട്, മറ്റുകാര്യങ്ങൾക്കു ചർച്ചചെയ്തുപരിഹാരം കാണാൻ അദ്ദേഹം തയ്യാറായതുമില്ല. ഈപശ്ചാത്തലത്തിലാണ്, വൈദ്യുതി നിയമം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേയ് 31, ജൂൺ1 തീയതികളിൽ 48 മണിക്കൂർ നീണ്ടുനില്ക്കുന്ന പണിമുടക്കം നടത്താൻ ജീവനക്കാരുടെ ദേശീയ ഏകോപനസമിതി തീരുമാനിക്കുകയും അത് പ്രഖ്യാപിക്കുകയും ചെയ്തത്.

ഇത്തരമൊരു പണിമുടക്കു പ്രഖ്യാപനം തന്നെ വൈദ്യുതിമേഖലയെ സംബന്ധിച്ചിടത്തോളം സ്വതന്ത്ര ഇന്ത്യയിൽ ആദ്യത്തേതാണ്. പണിമുടക്കാനുള്ള തയ്യാറെടുപ്പുകളും അഭൂതപൂർവ്വമായിരുന്നു. മേയ് 16 ആയപ്പോഴേയ്ക്കും ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും വൈദ്യുതി ജീവനക്കാർ പണിമുടക്കു നോട്ടീസ് നല്കിക്കഴിഞ്ഞിരുന്നു

ഈ സാഹചര്യത്തിലാണ് മേയ് 2 നും മേയ് 17 നും കേന്ദ്രവൈദ്യുതമന്ത്രിസെയ്ത് വീണ്ടും ദേശീയ ഏകോപന സമിതി നേതാക്കളെ ചർച്ചയ്ക്ക് ക്ഷണിച്ചത്. ഉരുകിയൊലിക്കുന്നവേനലിൽ രണ്ടു ദിവസം വൈദ്യുതി ജീവനക്കാരും എഞ്ചിനിയർമാരും പണിമുടക്കുന്നകാര്യം ഇടതുപാർട്ടിനേതാക്കൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ചർച്ച ഫലപ്രദമായിനടത്തുന്നതിന് അദ്ദേഹത്തിന്റെ ഇടപെടലും കാരണമായി.മേയ്2 ന് നടന്നചർച്ചയിൽ, ക്രോസ്സബ്സിഡി നിലനിർത്തുന്ന കാര്യത്തിലും, ഗ്രാമീണ മേഖലയുടെ വികസനത്തിൽ കേന്ദ്രഗവൺമെന്റിനുണ്ടായിരിക്കേണ്ട പങ്കിന്റെ കാര്യത്തിലും ചില ധാരണകളിൽ എത്താൻ കഴിഞ്ഞിരുന്നു. എന്നാൽ വിദ്യുച്ഛക്തി ബോർഡുകളുടെ പുനഃസംഘാടനത്തിന്റെ കാര്യത്തിൽ ഒരു ഒത്തുതീർപ്പിലുമെത്താൻ കഴിഞ്ഞില്ല.

ബോർഡിനെ മുറിച്ച് കമ്പനികളാക്കിയിടത്തെല്ലാം വൈദ്യുതിമേഖല തളർന്നതായി ആധികാരികമായ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഏകോപന സമിതി നേതാക്കൾ സമർത്ഥിയ്ക്കുകയുണ്ടായി (പട്ടിക കാണുക). ലോകബാങ്ക് അടുത്തിടെ നടത്തിയ ഒരു പഠനത്തിലാകട്ടെ, വികസ്വരരാജ്യങ്ങളിൽ നടത്തിയ വൈദ്യുതി മേഖലയുടെ പുനഃസംഘാടനം ഒരു വിജയമാണെന്നുതെളിയിക്കാൻ രേഖകൾ ഒന്നുമില്ല എന്നു വ്യക്തമാക്കിയിരിക്കുന്നു. ചില തത്വശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന ഒരു പരിപാടിമാത്രമാണ് അതിന്നും. ഈ വെളിപ്പെടുത്തലുകളും നേതാക്കൾ ഗവൺമെന്റിന്റെ മുമ്പാകെ വച്ചു. ഇക്കാര്യങ്ങൾ പഠിച്ച് പ്രതികരിക്കുവാനും, ബോർഡിന്റെ പുനഃസംഘാടനം മാറ്റിവയ്ക്കുന്നതു സംബന്ധിച്ച് നിയമതടസ്സങ്ങൾ ഉണ്ടോ എന്നും പരിശോധിയ്ക്കുവാനും 15 ദിവസത്തെ സമയംകൂടി ആവശ്യമുണ്ടെന്ന് മന്ത്രി മെയ് 2 ന്റെ ചർച്ചയ്ക്ക് ഒടുവിൽ അറിയിച്ചു.

അതുകൊണ്ടുതന്നെ, ബോർഡിന്റെ പുനഃസംഘാടനം സംബന്ധിച്ചാണ് മെയ് 17ന്റെ ചർച്ച പ്രധാനമായും കേന്ദ്രീകരിച്ചത്. പുനഃസംഘാടനം എന്നുപറയുമ്പോൾ, ബോർഡിന്റെ വിഭജനം മാത്രമല്ല അതിൽപ്പെടുന്നത്. ബോർഡിനെ വിഭജിയ്ക്കാതെ കമ്പനിയാക്കി മാറ്റുന്നതും, വിഭജിച്ച കമ്പനികളെ സ്വകാര്യവത്കരിക്കുന്നതുമെല്ലാം അതിൽപ്പെടുന്നു. പുനഃസംഘാടനം നടത്തിയ സംസ്ഥാനങ്ങളിലെ അനുഭവങ്ങളെപ്പറ്റി യാതൊരു മറുപടിയും തരാൻ ഗവൺമെന്റിനു കഴിഞ്ഞില്ല. ഇക്കാര്യങ്ങൾ പഠിക്കാൻ 6 മാസത്തെ സമയംകൂടി ആവശ്യമുണ്ടെന്ന നിലപാടാണ് ഗവൺമെന്റു സ്വീകരിച്ചത്. ധാരണയിലെത്തിയ കാര്യങ്ങൾ രേഖപ്പെടുത്തി തരണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടതിനെതുടർന്ന് വൈമുഖ്യത്തോടുകൂടിയാണെങ്കിലും വൈദ്യുതിമന്ത്രി അതിനു തയ്യാറായി.

1. ക്രോസ് സബ്സിഡി നിലനിർത്തും. ഇതിന് ആവശ്യമായ ഭേദഗതി വൈദ്യുതി നിയമത്തിലും നയത്തിലും വരുത്തും.
2. ഗ്രാമ വൈദ്യുതികരണത്തിലും വികസനത്തിലും കേന്ദ്രഗവൺമെന്റിന്റെ പങ്ക് പ്രതിഫലിയ്ക്കത്തക്ക വിധം വൈദ്യുതി നിയമത്തിന്റെ ബന്ധപ്പെട്ട വകുപ്പിൽ മാറ്റം വരുത്തും.
3. ബോർഡുകളുടെ പുനഃസംഘാടനം നടത്തിയതിന്റെ അനുഭവങ്ങൾ അടുത്ത ആറുമാസത്തിനുള്ളിൽ പരിശോധിക്കും. ആവശ്യമെങ്കിൽ വേണ്ട ഭേദഗതി ഇക്കാര്യത്തിൽ വൈദ്യുതി നിയമത്തിൽ വരുത്തും.
4. മേല്പറഞ്ഞ പരിശോധനയ്ക്കുവേണ്ടി ബോർഡുകളുടെ പുനഃസംഘാടനം വൈദ്യുതി നിയമത്തിലെ 172 (എ) വകുപ്പു പ്രകാരം ആറുമാസത്തേയ്ക്കുകൂടി നീട്ടിവയ്ക്കുന്നതാണ്.

ധാരണയായ മേൽപ്പറഞ്ഞ കാര്യങ്ങളിൽ ബോർഡുകളുടെ പുനഃസംഘാടനം ഒഴികെ മറ്റെല്ലാം ജനങ്ങളുടെ താല്പര്യം സംരക്ഷിയ്ക്കാൻ വേണ്ടിയുള്ളവയാണ്. വൈദ്യുതി ബോർഡുകളുടെ പുനഃസംഘാടനമാകട്ടെ, ജനങ്ങളുടെയും ജീവനക്കാരുടെയും താല്പര്യങ്ങൾ പൊതുവിൽ സംരക്ഷിക്കുന്നതിനുവേണ്ടിയും.

സബ്സിഡികൾ എല്ലാം നിർത്തലാക്കുക എന്നത് ആഗോളവത്കരണനയങ്ങളിലെ സാമ്പത്തിക നടപടിയാണ്. അത് ലോകബാങ്കും, എ.ഡി.ബി യുമൊക്കെ

പട്ടിക – 1: (വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലെ മികവ് സംബന്ധിച്ച് ക്രിസിൽ, ഇക്ര എന്നീ റേറ്റിംഗ് ഏജൻസികൾ നടത്തിയ പഠനം – കേന്ദ്ര വൈദ്യുത മന്ത്രാലയം സംഘടിപ്പിച്ചത്)

സംസ്ഥാനം	ലഭിച്ച പോയിന്റ്	ശതമാനം	റിമാർക്ക്
പഞ്ചാബ്	9.2	57.5%	വൈദ്യുതി ബോർഡായി നിലനിൽക്കുന്നു
ഡൽഹി	0	0%	2002 ൽ ബോർഡിനെ വിഭജിച്ചു കമ്പനികളാക്കി
ഹരിയാന	0	0%	1998 ൽ ബോർഡു വിഭജിച്ചു കമ്പനികളാക്കി
രാജസ്ഥാൻ	0	0%	2000 നും 2003 നും ഇടയിൽ ബോർഡു വിഭജിച്ചു കമ്പനികളാക്കി
മദ്ധ്യപ്രദേശ്	0	0%	
ഉത്തരാഞ്ചൽ	0	0%	
ഉത്തർപ്രദേശ്	2	0%	
ആന്ധ്രാപ്രദേശ്	3.2	20%	1998 ൽ ബോർഡ് വിഭജിച്ച് കമ്പനികളാക്കി
ഗുജറാത്ത്	4.2	26.5%	2004 ൽ ബോർഡ് വിഭജിച്ച് കമ്പനികളാക്കി. എങ്കിലും അവയുടെ ഹോൾഡിംഗ് കമ്പനിയായി ബോർഡ് നിലനിൽക്കുന്നു.

നൽകിയിട്ടുള്ള തീട്ടൂരമാണ്. നഷ്ടമുണ്ടാക്കുന്ന ഗ്രാമീണ മേഖലയെവേർപ്പെടുത്തേണ്ടത് ലാഭമുണ്ടാക്കുന്ന നാഗരികവൈദ്യുതി ശൃംഖലകളെ കയ്യടക്കാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ള സ്വകാര്യമൂലധനത്തിന്റെ ആവശ്യമാണ്. അവർക്ക് കയ്യടക്കാൻ കഴിയും വിധം ബോർഡുകളെ കഷണങ്ങളാക്കാൻ, സ്വകാര്യമൂലധനത്തിന്റെ വിസർജ്ജവസ്തുക്കൾ പോലും പ്രസാദമായി കരുതുന്ന ഇന്നത്തെ ഭരണാധികാരികൾ പ്രതിജ്ഞാബദ്ധമാണ്. മാത്രമല്ല, സംസ്ഥാനങ്ങൾ കൂടിതാല്പര്യമെടുത്തെങ്കിൽ മാത്രമേ 172–ാം വകുപ്പ് നടപ്പാക്കാൻ കഴിയൂ. സംസ്ഥാനങ്ങൾ താല്പര്യമെടുത്ത് നടത്തുന്ന ബോർഡിന്റെ വിഭജനം തടയാൻ നിയമമനുസരിച്ച് കേന്ദ്രത്തിനാവില്ല. വളഞ്ഞവഴികളിൽകൂടി സംസ്ഥാനങ്ങളിൽ സമർദ്ദം ചെലുത്തി മൂലധന ശക്തികൾക്ക് വിഭജനം നടപ്പിലാക്കുകയും ചെയ്യാം. വൈദ്യുതി നിയമം 2003 വിശകലന ബുദ്ധിയോടെ വായിക്കുന്ന ഏതുസാമൂഹ്യശാസ്ത്ര വിദ്യാർത്ഥിയ്ക്കും, അതിലെ ഓരോവരിയിലും വരികൾക്കിടയിലും ബഹുരാഷ്ട്ര സാമ്പത്തിക മൂലധനത്തിന്റെയും, വൻകിടകുത്തക മുതലാളിമാരുടെയും താല്പര്യ സംരക്ഷണം കാണാം. ഈ നിയമം പാസാക്കിയെടുത്ത പാർലമെന്റിലെ ശാക്തികബലാബലത്തിൽ നേരിയ വ്യതിയാനം മാത്രമാണ് ഇന്ന് ഇടതുപക്ഷങ്ങൾക്കനുകൂലമായി വന്നിട്ടുള്ളത്. വൈദ്യുതി ജീവനക്കാരുടെയും എഞ്ചിനീയർമാരുടെയും ദേശീയ ഏകോപനസമിതി നേതാക്കൾക്ക് വൈദ്യുതി മന്ത്രി സെയ്ത് ചർച്ചയ്ക്കുശേഷം എഴുതിക്കൊടുത്തകത്ത് ഈ രാഷ്ട്രീയപരിസ്ഥിതിയിൽ നിന്നുകൊണ്ടാണ് വായിച്ചറിയേണ്ടത്. പലവിധദൗർബല്യങ്ങളോടുക്കുടിയാണെങ്കിലും, കാറ്റഗറി–ജാതി–സമുദായ–സംഘടനാ പ്രദേശ–രാഷ്ട്രീയ വ്യത്യാസങ്ങൾ മറികടന്നുകൊണ്ട്, വൈദ്യുതി ജീവനക്കാർ രൂപപ്പെടുത്തിയ ഐക്യവും കരുത്തും അതിന് ഇടതുപക്ഷപ്രസ്ഥാനങ്ങൾ പൊതുവിൽ നൽകിയ പിന്തുണയുമാണ് ഗവൺമെന്റിനെ ജനപക്ഷാനുകൂലമായ ചില മാറ്റങ്ങൾക്ക് നിർബ്ബന്ധിതമാക്കിയത് എന്നു വ്യക്തം. ഈ മാറ്റം പ്രയോഗത്തിലെത്താൻ അനുവദിയ്ക്കില്ല എന്ന് സാമ്രാത്വ – മൂലധനശക്തികൾ തീർച്ചപ്പെടുത്തിയിരിയ്ക്കുന്നു എന്ന് പ്രധാനമന്ത്രിയുടെ സിംല പ്രസംഗം വിളിച്ചുപറയുന്നു.

വൈദ്യുതി മേഖലയിലെ പോരാട്ടത്തിനുണ്ടാകേണ്ട മാനത്തിന്റെ സൂചകം കൂടിയാണ് ഈ പ്രസംഗം. ജനങ്ങളുടെ ജീവിതത്തെ സർവസ്പർശിയായി സ്വാധീനിക്കുന്ന അടിസ്ഥാനമേഖല എന്ന നിലയ്ക്ക് വൈദ്യുതി മേഖലയിലെ നയങ്ങളെയും നയംമാറ്റങ്ങളെയും 'മറ്റു പലമേഖലയിലെയും പോലെ' – എന്ന രീതിയിൽ കണ്ടുകൂടാത്തതാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള വിത്തുബില്ലിന്റെ കാര്യത്തിലെന്നപോലെ രാജ്യത്തെകൃഷിക്കാർ, വൈദ്യുതി നിയമം കാർഷികമേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം വേണ്ടതിൻവണ്ണം മനസിലാക്കിയാൽ മാത്രംമതി ബുർഷ്വാരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പിന്നെ തറതൊടാൻ ആവില്ല. ആ നിലയ്ക്ക്, വൈദ്യു

പട്ടിക – 2: (ബോർഡുകളുടെ വിഭജനവും കമ്പനിവൽക്കരണവും ഗുണമോ ദോഷമോ? ഒരു താരതമ്യം)

സംസ്ഥാനം	ഗവണ്മെന്റ് നൽകേണ്ടി വന്ന സബ്സിഡി (കോടി രൂപ)		സബ്സിഡി ലഭിച്ച ശേഷമുള്ള ലാഭം (+) നഷ്ടം (–)		പ്രസരണ – വാണിജ്യ നഷ്ടം – (%)		ശരാശരി വൈദ്യുതി നിരക്ക് യൂണിറ്റിന് (പൈസ)	
	വിഭജനത്തിനു മുൻപ്	വിഭജനത്തിനു ശേഷം	വിഭജനത്തിനു മുൻപ്	വിഭജനത്തിനു ശേഷം	വിഭജനത്തിനു മുൻപ്	വിഭജനത്തിനു ശേഷം	വിഭജനത്തിനു മുൻപ്	വിഭജനത്തിനു ശേഷം
ആന്ധ്രാപ്രദേശ്	850.4	1982	–88.52	–1194.04	33.1	29.39	156	222
ഹരിയാന	1063	1244	+6.69	–1537.37	32.8	38.21	155.3	225.37
കർണ്ണാടക	510.7	1924	+51.06	+86.4	18.5	31.45	165.5	221.32
രാജസ്ഥാൻ	706	1715	+63.22	–2412.3	28.5	42.33	140.6	245.69
ഉത്തർപ്രദേശ് (വൈദ്യുതി ബോർഡിന്റെ വിഭജനശേഷം ഉത്തരാഞ്ചൽ സംസ്ഥാനം വേർപെട്ടു)	1237	826	–182.29	–1887.28	27	32.21	143	259.01
മദ്ധ്യപ്രദേശ് (വൈദ്യുതി ബോർഡിന്റെ വിഭജനശേഷം ഛത്തിസ് ഗഡ് സംസ്ഥാനം വേർപെട്ടു)	514	543	–163.45	–3182.9	20.6	42.62	176.5	204.95

തിമേഖലയിലെ ജീവനക്കാർ നടത്തിയ പോരാട്ടത്തിലൂടെ കടന്നെത്തിയ ചവിട്ടുപടിയിൽ നിന്ന് ഈ ദിശയിലുള്ള സമരത്തെ മുന്നോട്ടുകൊണ്ടുപോകേണ്ടത് കൃഷിക്കാരുടെയും, തൊഴിൽരഹിതരായ ചെറുപ്പക്കാരുടെയും, അതിസമ്പന്നരല്ലാത്ത വൈദ്യുതി ഉപഭോക്താക്കളുടെയും, വൈദ്യുതി ജീവനക്കാരുടെയും ഒക്കെ കൂട്ടായ നേതൃത്വത്തിലാണ്. അതിന്റെ മുൻപിൽ നില്ക്കാൻ വൈദ്യുതി ജീവനക്കാർ തയ്യാറാക്കേണ്ടതുമുണ്ട്. ഏതെങ്കിലും സംസ്ഥാനഗവൺമെന്റ് താല്പര്യമെടുത്ത് വൈദ്യുതിനിയമത്തിലെ ജനദ്രോഹനയങ്ങൾ നടപ്പിലാക്കാൻ മുന്നിട്ടിറങ്ങിയാൽ അതാതു സംസ്ഥാനത്തുതന്നെ ഈ നിലയ്ക്ക് അതിനെ ചെറുത്തു തോല്പിയ്ക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റുകളെ ഈ വഴിയ്ക്ക് ത്വരിതഗതിയിൽ നയിയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രധാനമന്ത്രിയുടെ സിംല പ്രസംഗം. പൊതുമിനിമം പരിപാടിയെ തുരങ്കം വെയ്ക്കുന്നതുകൂടിയാണ് ഇത്. ആ നിലയ്ക്കുകണ്ടുകൊണ്ടാകണം സി.പി.ഐ.(എം) ന്റെ പ്രതികരണം ഉണ്ടായിട്ടുള്ളത്. പ്രധാനമന്ത്രിയുടെ ഈ നീക്കത്തിനെതിരെ ശക്തമായ ബഹുജന പ്രക്ഷോഭം ഉയർത്തികൊണ്ടുവരുമെന്നായിരുന്നു അത്. നാളിതുവരെ നടന്ന പ്രക്ഷോഭത്തിന്റെ തലത്തിൽനിന്ന് ഉയർന്ന തലത്തിലുള്ളതാകും ഈ പ്രക്ഷോഭം എന്നതിൽ സംശയമില്ല. രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങൾ എല്ലാംതന്നെ ഇക്കാര്യം ഗൗരവമായി ഏറ്റെടുക്കണം **O**

THIS WORLD IS NOT FOR COWARDS

Do not fly. Look not for success or failure. Join yourself to the perfectly unselfish will and work on. Know that the mind which is born to succeed joins itself to a determined will and perseveres... Live in the midst of the battle of life. Anyone can keep calm in a cave or when asleep. Stand in the whirl and madness of action and reach the Centre. If you have found the centre, you cannot be moved.

-Vivekananda

Centre Using Finance Panel as an Instrument of Coercion: Prabhat Patnaik

The noted economist, Prabhat Patnaik, has said that with neo-liberal policies gaining ascendancy, Finance Commission awards are taking the nation towards 'economic balkanisation.'

Delivering this year's I.S. Gulati Memorial Lecture on 'Globalisation, Reform and 12th Finance Copmmission, Prof. Patnaik said the Central Government was using the Finance Commission to impose neo-liberal economic policies on State Governments. By making devolution of funds to States conditional upon their accepting the structural adjustment agenda, the Central Government was forcing them to prune their fiscal deficit through means that impinge on the welfare of the masses and financial authority of the State Governments, he said.

"There is a fundamental difference between the Finance Commission of the Nehruvian times and that in the era of globalisation. The Finance Commission was originally conceived as an arbiter for sharing of financial resources between the Union Government and the States but, in the present era of neo-liberal economic policies, it is being used by the Central Government as an instrument of coercion. Earlier, the State was conceived as a champion of the nation as a whole, but in the age of globalisation, the State has become a defender of international finance capital as against the interests of the poor. What the 12th Finance Commission has done is to carry this process forward," Prof. Patnaik pointed out.

Mr. Patnaik said three main characteristics of neo-liberal economic policies were reduction in the tax to GDP ratio, reduction in fiscal deficit as a proportion of GDP and increase in interest payments by the State. One computation had shown that if the tax to GDP ratio was retained at the 1999 level, the Central Government would have had Rs. 30,000 crores in additional resources and another Rs. 15,000 crores if the interest payments were also kept low. But, pursuing neo-liberal policies, the Government had brought upon itself a fiscal crisis to escape which it was resorting to methods such as disinvestment of its equities in public sector units and rolling back Government expenditure. The Finance Commissions were being used as instruments to push these policies downward to the States.

'State has become a defender of international finance capital as against the interests of the poor.'

- Neo-liberal policies gaining ascendancy
- Devolution of funds being made conditional
- Centre passing burden of crisis to States

Conditionalities

He said that by the end of the 1990s, the Centre began passing the burden of the crisis to the States by means such as making transfer of funds conditional on acceptance and implementation of ne-liberal economic prescriptions and charging high interest rates from the States for funds transferred as loans and assistance. When the States were reduced to penury, they began to look to the Finance Commissions to set matters right. But what the 11th & 12th Finance Commission had done was to insist on acceptance of conditionalities for release of funds to them. The States were also now being asked to borrow funds directly from multilateral lending agencies. The States could do so only if they were credit worthy and, to become credit worthy, they were forced to do things such as pledging their mineral resources to global monopolies, trifurcation of their State Electricity Boards etc. This was increasingly hurting the cohesiveness of the nation and taking it towards economic balkanisation, Prof. Patnaik said.

The Hindu, 30.5.05

Balcanisation - Divide in to small antagonistic states
(ഒരു പ്രദേശത്തെ പരസ്പരം ശത്രുതയോടുകൂടിയ ചെറു രാജ്യങ്ങളായി വിഭജിക്കുക)

എൽ.ഡി.എഫിനു സുവർണ ജയം

സജീവരാഷ്ട്രീയ ചർച്ചകളിൽ ഏറെക്കാലം സ്ഥാനംപിടിക്കാവുന്ന ഉജ്വലവിജയമാണു കൂത്തുപറമ്പ്, അഴീക്കോട് ഉപതിരഞ്ഞെടുപ്പുകളിൽ ഇടതു ജനാധിപത്യ മുന്നണി നേടിയിരിക്കുന്നത്. സി.പി.എമ്മിന്റെ പരമ്പരാഗത ശക്തികേന്ദ്രത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. വിജയം പ്രതീക്ഷിച്ചിരുന്നതാണെങ്കിലും എല്ലാ കണക്കുകൂട്ടലുകളെയും അപ്രസക്തമാക്കുന്നതായി അവർ നേടിയ ഭൂരിപക്ഷം.

കഴിഞ്ഞ നിയമ സഭാതിരഞ്ഞെടുപ്പിലെ എൽ.ഡി.എഫ്. വിരുദ്ധതരംഗത്തിൽപോലും നല്ല ഭൂരിപക്ഷത്തോടെ സി.പി.എം. സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്ത മണ്ഡലങ്ങളാണിവ. യു.ഡി.എഫിനു പൊതുവേ പ്രതികൂലമായിരുന്ന രാഷ്ട്രീയ കാലാവസ്ഥയിൽ കഴിഞ്ഞ വർഷം നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്വാഭാവികമായും ഈ മണ്ഡലങ്ങളിൽ എൽ.ഡി.എഫിന്റെ ഭൂരിപക്ഷമുയർന്നു. എന്നാൽ, ആ നേട്ടത്തെപ്പോലും നിഷ്പ്രഭമാക്കുന്ന ചരിത്രവിജയമാണ് ഉപതിരഞ്ഞെടുപ്പിൽ ഉണ്ടായത്.കൂത്തു പറമ്പിലേതു കേരളനിയമസഭാ തിരഞ്ഞെടുപ്പു ചരിത്രത്തിലെതന്നെ ഏറ്റവും വലിയ ഭൂരിപക്ഷമായി. ..... കോൺഗ്രസിന്റെ കണ്ണു തുറപ്പിക്കാൻ ഉപതിരഞ്ഞെടുപ്പു ഫലത്തിനു കഴിയേണ്ടതാണ് .....

ജൂൺ–6/05, മനോരമ

അതിവേഗം ബഹദൂരം പിന്നോട്ട്

.....സർവ്വ പ്രധാനം ഇതൊന്നുമല്ല. ഐക്യമുന്നണിയേയും സർക്കാറിനെയും കുറിച്ച്, നിയമസഭയിൽ ഐക്യമുന്നണിക്ക് നൂറുസീറ്റു നേടിക്കൊടുത്ത കേരളജനതയ്ക്കുണ്ടായിരുന്ന മതിപ്പ് മടുപ്പായി മാറിയിരിക്കുന്നു എന്നു തന്നെയാണ്. ഈ ഗവൺമെന്റിന്റെ സാമ്പത്തികവും സാമൂഹീകവും ആരോഗ്യ സംരക്ഷണപരവും വിദ്യാഭ്യാസപരവും മറ്റുമായ നയങ്ങളും പരിപാടികളും പ്രവർത്തനങ്ങളും ഈ നാട്ടിലെ പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ക്ഷേമം ലക്ഷ്യമാക്കികൊണ്ടുള്ളവയല്ല എന്നതോന്നൽ ജനങ്ങളിൽ ഉറച്ചിരിക്കുന്നു. അവർ മുന്നണിയിൽ നിന്നും സർക്കാരിൽ നിന്നും അതിവേഗം ബഹദൂരം പിന്നോട്ട് പോയിക്കൊണ്ടിരിക്കയാണ്. അതുമനസ്സിലാക്കിയില്ല എന്നാണ് ഞങ്ങളുടെ കണക്കു തെറ്റി എന്ന് എ.കെ ആന്റണി പോലും പറയുമ്പോൾ, അതിന്നർത്ഥം.

ജൂൺ 6/2005, മാതൃഭൂമ

സംശയരഹിതമായ ജനവിധി

..... ഉപതെരഞ്ഞെടുപ്പിൽ ഇരുപക്ഷത്തിനും ലഭിച്ച വോട്ടുകളുടെ എണ്ണം വെച്ചുള്ള വിലയിരുത്തലിനൊന്നും ഇനിസ്ഥാനമില്ല. എൽ.ഡി.എഫിനെതിരെ ഒരുമൽസരത്തിനുപോലും ശക്തമല്ലാത്തവിധം യുഡിഎഫ് എന്ന അവശിഷ്ട ഭരണമുന്നണി തകർന്നു കഴിഞ്ഞിരിക്കുന്നു. മനഃസാക്ഷിക്ക് പോറൽപോലും ഏൽക്കാതെ ബി.ജെ.പി.ക്കാരുടെ വോട്ടു മുഴുവൻ കിട്ടിയിട്ടും കൂത്തുപറമ്പിൽ മൽസരിച്ച യുഡിഎപഫ് സ്ഥാനാർഥിക്ക് ആകെ കിട്ടിയ വോട്ടിനേക്കാൾ പതിനായിരത്തോളം വോട്ടുകൂടുതലാണ് എൽ ഡി എഫിന്റെ ഭൂരിപക്ഷം..... ജനവിധി മാനിക്കണമോ എന്ന് ഉമ്മൻചാണ്ടി തീരുമാനിക്കട്ടെ. അതല്ല വരുന്ന ഒരുവർഷം കൂടി ഭരണമെന്നപേരിൽ നടത്തുന്ന കൊള്ളതുടരനാണ് ഭാവമെങ്കിൽ കേരളത്തിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള അവസാനത്തെ മന്ത്രി സഭ എന്ന പദവി ഉമ്മൻചാണ്ടി മന്ത്രി സഭയ്ക്കു വിധിക്കപ്പെട്ടതു തന്നെ..... അഴീക്കോടും കൂത്തുപറമ്പിലും ദയനീയ പരാജയം ഏറ്റുവാങ്ങിയത് അവശിഷ്ട യുഡി എഫ് മാത്രമല്ല പ്രചാരത്തിന്റെ കണക്കുപറഞ്ഞ് ഊറ്റം കൊള്ളുന്ന ചില മാധ്യമങ്ങളുടെ കൂടി ദയനീയ പരാജയമാണ്..... *ജൂൺ–6–2005, ദേശാഭിമാനി*

Historic win for LDF in byelections

UDF's allegation of bogus voting by CPI(M) in the past comes a cropper

The Left Democratic Front (LDF) has registered a historic win in the byelection to the Assembly from the Koothuparamba and Azhikode constituencies by retaining the two seats with high margins..... The results have weakend the UDF's allegation of large scale bogus voting by the Communist Party of India (Marxist) in the two constituencies in the past. ..... *THE HINDU, JUNE -6/2005*

.....The defeat is expected to put the UDF leadership in an introspection mode as none of their major compaign themes, including the UDF Government's development agenda, restoration of peace in the district, had made any impact in the constituencies.The UDF's hopes to capitalise on the reported resentment among Dinesh Beedi workers, mostly CPI(M) supporters, turned out to be unrealistic *THE HINDU , JUNE -7/2005*

The BHEL disinvestment

The UPA Government has gone back on its promises in disinvesting equity in BHEL

THE DECISION of the United Progressive Alliance Government to sell of 10 per cent of public holding of equity in Bharath Heavy Electricals Limited (BHEL) is in direct contravention of its own promises. The National Common Minimum programme made it clear that profitable public sector enterprises would not be privatised.In the case of "navratna" PSEs such as BHEL, it had further explicitly promised that while they would be allowed to raise resources from the capital market, the Goverment would devolve full managerial and commercial autonomy to such enterprises- to strengthen them and enable them to become globally competitive players.

The decision to divest shares in BHEL- just like the earlier sale by the UPA government of equity in NTPC- completely disregards both of these important promises.This particular act of divestment would take place with out the agreement of the parties providing outside support to the UPA, and indeed by overriding the decision-making power of the Board of BHEL, which has clearly not been cunsulted either. Further, the expected proceeds from the sale of this equity-around Rs.2000 crore-is to go in to the Government's coffers, to newly created National Investment Fund. This is supposed to finance health and education schemes and also provide some funds for the revival of public sector units. In other words this money is to go towards spending by the Government in a move that is both unnecessary and fiscally irresponsible.

Unnecessary, because this amount of public resources can easly be found if the Government really intends to. After all, more than Rs.30,000 crore was found as additional defence expenditure. And irresponsible, because the sale of equity from a profitable enterprise necessarily involves the loss of future revenue because of foregone profits, The sale of any assset implies a capital loss, which properly should only be balanced through some other change in assets or liablities, such as through retiring debt. Using such money as a form of current revenue , which is in effect what is bieng done here, is completely illegitimate.

In the case of BHEL ,the amount of foregone profits is not small at all,since last year alone, the total operating profits of the company (before depreciation interest and taxes) amounted to more than Rs.19,000 crore and even post- tax profits were more than Rs.10000 crore. Indeed, BHEL like several other "navratnas" has been showing profits continuously for some years, but has not been allowed to spend the money for its own expansion and development. Instead ,it has simply added to its reserves, such that its reserves currently amount to well over Rs.50,000 crore.This is extremely wasteful, and it also denies BHEL and other such companies the opportunity to invest and restructure in ways that would increase their external competitiveness. Many profitable PSEs are currently in this position, where by they are simply holding huge reserves because of constraints put up on them by the Government. The fear is that if they are privatised, the private purchaser will then have access to the use of these huge reserves that it can use to its own ends rather than in socially desirable ways.This was true, for example, in the case of both VSNL and Balco, where privatisation allowed the private buyers access to the enormous built up reserves to further other investment plans of the purchasing company.

It should be obvious that such a strategy is not only unwise but also counter to any genuine attempt to strengthen the public sector.It is even contrary to proposals made by a committee set up by this self-same UPA government to cosider issues of autonomy , delegation of financial powers and empowerment of central PSEs, chaired by Dr. Arjun sengupta. The report of this committee ("Group of experts on Empowerment of Central Public Sector Enterprises") was submitted in April 2005.Many of the points made in this Report have direct bearing on disinvestment of the type now being pursused.The Report points out that "the ministry in charge of the cmpany should recognise the fact that they are not the owners of the company but are only exercising the functions of ownership as a custodian on behalf of the Government and the public at large". (page 8) ê

വീണ്ടുമൊരു കൂപ്പേഴ് 'മാഹാത്മ്യം'

തകർന്ന ഗ്ലോബൽ ട്രസ്റ്റ് ബാങ്കിന്റെ ആഡിറ്റേഴ്സ് ആയിരുന്ന പ്രൈസ് വാട്ടർഹൗസിനേയും ലൗലോക്ക് ലീവിസിനേയും ആഡിറ്റ് ജോലികൾ ഏൽപിക്കുന്നതിൽ നിന്നും വിലക്കിക്കൊണ്ട് ബാങ്കുകൾക്കും ഫിനാൻസ് സ്ഥാപനങ്ങൾക്കും കഴിഞ്ഞ ഒക്ടോബർ മാസം റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകി. പ്രൈസ് വാട്ടർഹൗസും ലൗലോക്ക് ആന്റ് ലീവിസും കുപ്രസിദ്ധരായ പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിന്റെ അനുബന്ധസ്ഥാപനങ്ങളാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇൻഡ്യ (ICAI), ഗ്ലോബൽ ട്രസ്റ്റ് ബാങ്കിന്റെ ആഡിറ്റിംഗിൽ പൈസ്വാട്ടർഹൗസ് കൂപ്പേഴ്സിനുണ്ടായ പിഴവുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്. ഇത് സംബന്ധിച്ചുള്ള തീരുമാനം പ്രതീക്ഷിക്കുകയാണ് റിസർവ്വ് ബാങ്ക് അധികൃതർ. തകർന്ന ഗ്ലോബൽട്രസ്റ്റ് ബാങ്കിനെ ആസ്തിബാദ്ധ്യതകളോടുകൂടി കേന്ദ്രഗവർൺമെന്റ് നിർദ്ദേശപ്രകാരം പിന്നീട് ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് ഏറ്റെടുക്കുകയുണ്ടായി.

ഇങ്ങനെയുള്ള പ്രൈസ്വാട്ടർഹൗസ് കൂപ്പേഴ്സിനെയാണ് കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ ബില്ലിംഗ് കംപ്യൂട്ടറൈസേഷൻ ചുമതല, ഗവർൺമെന്റ് ഏല്പിച്ചുകൊടുത്തത്. അതിനുപുറമേ ബോർഡിന്റെ കമ്പനി വല്ക്കരണം സംബന്ധിച്ചും ബോർഡിന്റെതന്നെ അൺ ബണ്ടിലിംഗ് സംബന്ധിച്ചും പഠിച്ച് കേരള ഗവൺമെന്റിനെ ഉപദേശിക്കാനുള്ള സമിതിയുടെ ചുമതലയും ഏല്പിച്ചത് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെയായിരുന്നു.

Copper stock crunch pushes up prices

DEPLETING stocks of copper coupled with its rising demand world-over has sent the price of the metal spiralling high, resulting in copper-based industries scurrying for exploration of fresh reserves.Despite production of copper registering an increase of 8.1% in the last fiscal as compared to the previous fiscal, the global refined copper market took a nose-drive resulting in a production deficit of 20,000 tonnes in january this year. India is witnessing a surge in demand for copper in infrastructure industries. According to official figures, the total copper production in the country during 2004-05 was estimated at 4,08,092 tonnes as against 3,95,955 tonnes during the previeus year.However,referring to a 20,000 tonne production deficit,the international copper study group in a report pointed out that these figures were better when compared with a production deficit of 83,000 tonnes a year earlier.

Economic Times, 3.6.05

The Report recommends much greater autonomy and clearly defined powers for the Board of Directors, which should be fully responsible for the supervision and control over the management of the company. It should have full powers of pursuing new lines of buisness, deciding on suitable acquisitions and mergers, setting up subsidiaries, as well as other decisions regarding capital expenditures, joint ventures, and so on.What this means is that the Board of a PSE rather than the Ministry or Cabinet ,should decide in the best interests of the company and keeping in mind its social objectives, how to use its resources, whether to issue shares for expansion and so on. The report therefore proposes a whole institutional package towards strengthening the PSEs, making thier management more professional and providing them some autonomy from thier ministers in order to allow them to invest and restructure in ways that would strengthen thier competitive position over time.

It is obivious that the disinvestment proposed for BHEL runs completly contrary to the recommendations of this Report.Instead, once again the profitable PSEs are bieng treated as milch cows for a Government that has decided that it is strapped for cash, regardless of what is in the best interests of the company itself and the economic activities it is engaged in.

Another very important recommendation of the Report is that any decision to reduce Goverment share holding to less than 51 per cent should be taken only with the consent of parliament in each case. But the recent action of the Government suggests it is willing to ignore not only its own promises and the views of its allies and supporting parties, but also the recommendations made by committees that it has set up,if it does not suit its own temporary and short-sighted goals.

Jayati Ghosh

-The Hindu, 30.35.05

ജനറൽസെക്രട്ടറിയുടെ പേജ്



ഓഫീസർമാരും സംഘടനകളും

കെ.എസ്.ഇ.ബി. യിൽ ഓഫീസർമാരുടെ 10 സംഘടനകളുണ്ടെന്നാണ് ബോർഡിന്റെ ഇപ്പോഴത്തെ കണക്ക്. ഇവയിൽ പലതിന്റെയും പേരു മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളൂ. പേരിനൊപ്പം അല്പം ആളുകൂടി തങ്ങളോടൊപ്പമുണ്ടെന്നു പറയാൻ കഴിയുന്ന സംഘടനകളും ഇവയിൽ ഉണ്ട്. അങ്ങിനയുള്ള സംഘടനകൾ ഏതൊക്കെ, ആ സംഘടനകളുടെ പ്രവർത്തനം എന്തൊക്കെ, അവയോടൊപ്പം നില്ക്കുന്ന ഓഫീസർമാർ ആരൊക്കെ, എന്തുകൊണ്ട് അവർ ആ സംഘടനകളിൽ നില്ക്കുന്നു തുടങ്ങിയുള്ള വിശകലനങ്ങൾ പ്രവർത്തിക്കുന്ന സംഘടനകൾ ഏറ്റെടുക്കാറുണ്ട്. ബോർഡിലുള്ള ഓഫീസർമാരുടെ സംഘടനകളെ ഏറെക്കുറെ ഇങ്ങിനെ തരംതിരിക്കാം.

1. സമൂഹത്തിന്റെയും സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും പൊതു താല്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾ
2. കക്ഷി രാഷ്ട്രീയത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും ഭരണപക്ഷമെന്ന ലേബലുപയോഗിക്കാൻ കഴിയുന്ന കാലത്തുമാത്രം അല്പം അംഗങ്ങളെ കൂടെ നിർത്താൻ കഴിയുന്നതുമായ സംഘടനകൾ.
3. കാറ്റഗറികളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും, എപ്പോഴും ഭരണപക്ഷത്തിന്റെ ആളുകളാകാൻ താല്പര്യപ്പെടുകയും, പരിമിതമായ വൃത്തത്തിനുള്ളിൽ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകൾ.

ഇവയിൽ ആദ്യഗണത്തിൽപ്പെടുന്ന സംഘടനകൾ നിലനില്ക്കുന്നതും യോജിച്ചും വിയോജിച്ചും പ്രവർത്തിക്കുന്നതും പൊതുവിൽ ആരോഗ്യകരമായാണ് വീക്ഷിക്കപ്പെടുന്നത്. രണ്ടും മൂന്നും ഗണത്തിൽപ്പെട്ട സംഘടനകൾ തമ്മിലുള്ള അകലം പലപ്പോഴും കുറയുകയും പരസ്പരം തിരിച്ചറിയാൻ കഴിയാത്തവിധം മാറിപ്പോകുന്നതുമായാണ് ഇപ്പോൾ കാണുന്നത്.

വൈദ്യുതി ബോർഡ് തന്നെ കടുത്ത വെല്ലുവിളികളെ അഭിമുഖീകരിക്കുകയും, ബോർഡിന്റെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോരുന്നത്. വ്യവസായം അഭിമുഖീകരിച്ച/ക്കുന്ന ഈ പ്രതിസന്ധി സ്വാഭാവികമായും ജീവനക്കാരുടെയും ഓഫീസർമാരുടേയും ഭാവിയെത്തന്നെ അപകടപ്പെടുന്നതാണ്. ഈ ഭീഷണിക്കുമുമ്പിൽ ഓരോ വിഭാഗത്തിലുംപ്പെട്ട സംഘടനകൾ എങ്ങിനെ പ്രതികരിച്ചെന്നതും തുടർന്നുള്ള നിർണ്ണായക കാലഘട്ടത്തിൽ ഇവരോരുത്തരും സ്വീകരിക്കാനിടയുള്ള സമീപനങ്ങളെന്തെന്നും അവ പൊതു താല്പര്യത്തെ ഏതു നിലയിൽ ബാധിക്കുമെന്നും പരിശോധിക്കാനുള്ള ഒരു ഘട്ടമാണിപ്പോൾ.

അവസാന ഗണത്തിൽപ്പെട്ട എഞ്ചിനീയേഴ്സ് അസോസിയേഷൻ പോലുള്ള സംഘനടനകൾ തങ്ങളുടെ പരിമിതികൾ മുഴുവൻ തിരിച്ചറിഞ്ഞ ഒരു ഘട്ടമാണ് ഇല. ആക്ട് 2003 സമ്മാനിച്ചത്. സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാനുള്ള ആർജ്ജവമോ, സാമൂഹിക ശക്തികളുടെ പ്രവർത്തനതലം തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയോ ഇല്ലാത്തതു മൂലം ആക്ടിനോടു സമരസപ്പെടാനും അതുവഴി നവ ലിബറൽ ആശയങ്ങൾക്കു കീഴടങ്ങാനുമാണ് അവർ ആദ്യം മുതലേ പരിശ്രമിച്ചത്. ഈ പരിശ്രമത്തിന്റെ ഭാഗമായാണ് ഓരോ ഘട്ടത്തിലും അവർ സ്വീകരിച്ച നിലപാടുകൾ കാണാൻ കഴിയുക. നിയമത്തിന്റെ അപ്രമാദിത്വത്തെ ചൂണ്ടിക്കാണിച്ച് അതിനെതിരായ സമരങ്ങളെ അവർ നിരുത്സാഹപ്പെടുത്തിയതും, നിയമം തങ്ങൾക്കെന്തെങ്കിലും ഗുണം ചെയ്യാനുള്ള സാധ്യത പരതിപ്പോയതുമെല്ലാം ഇത്തരം സംഘടനകളുടെ അടിസ്ഥാന ദൗർബല്യമാണ് കാണിക്കുന്നത്. അവരുടെ പരിമിതമായ ചിന്താലോകത്ത് ഈ പ്രവർത്തികൾക്ക് വലിയ അരുതായ്മ കല്പിക്കപ്പെടുന്നില്ലെങ്കിലും, അനുദിനം ശക്തിയാർജ്ജിച്ചു വന്ന പോരാട്ടങ്ങളെ ദുർബലപ്പെടുത്തുകയെന്ന സാമ്രാജ്യത്ത ലക്ഷ്യത്തിന്റെ ഉപകരണമായി അവർ മാറി എന്നത് തിരിച്ചറിയേണ്ടതുണ്ട് – ആ സംഘടനകളിൽ അണി നിരന്നിട്ടുള്ളവർ പ്രത്യേകിച്ചും. പ്രചാരണങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി ബോർഡുകളുടെ കാലാവധി നീട്ടികിട്ടുന്നതും, നിയമം ഭേദഗതി ചെയ്യപ്പെടുന്നതും അവർക്ക് ഒരു പക്ഷേ അവിശ്വസനീയമായി തോന്നിയേക്കാം. ഇവിടെ കാണേണ്ട മറ്റൊരു പ്രത്യേകത, ഈ സംഘടനകൾക്ക് തങ്ങളുടെ പരിമിതമായ ഉദ്ദേശ ലക്ഷ്യങ്ങൾക്കു (പ്രമോഷനുകൾ, സ്ഥലം മാറ്റങ്ങൽ, വേതന വ്യവസ്ഥ മെച്ചപ്പെടുത്തുക തുടങ്ങിയവ) വേണ്ടി പോലും പ്രവർത്തിക്കാൻ ഇന്നു കഴിയാതെ വന്നിരിക്കുന്നുവെന്നതാണ്. അതിനുമപ്പുറം സേവന വേതന വ്യവസ്ഥകൾ അട്ടിമറിച്ച ഘട്ടത്തിൽ പോലും പ്രതികരിക്കാനോ പ്രതിഷേധിക്കാനോ, അവർക്കായിട്ടില്ല. അക്ഷരാർത്ഥത്തിൽ 'നിർഗ്ഗുണ പരബ്രഹ്മം' എന്ന പരുവത്തിലാണിവർ. സംഘടനാപരമായ കെട്ടുറപ്പുകൾ പോലും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

ê

Centre Rejecting MoUs

According to unconfirmed news reports, the center has rejected the ambitious 12,500 MW capacity addition plan of the power starved Maharashtra government, which was being undertaken through the memorandum of understanding (MoU) route. It has, instead, insisted that the state adopt a competitive bidding process to expedite financial closure by the project developers. The state government was advised to enter into a power purchase agreement (PPA) after the developer was selected through the competitive bidding process. Maharashtra signed MoUs with eight project developers in April this year following a host of concessions.

Multiple Licensees Disallowed

The decision of the Delhi Electricity Regulatory Commission (DERC) to give REL the licence for power distribution in the New Delhi Municipal Council (NDMC) area has been stayed. In an order issued on April 15, DERC has admitted NDMC's appeal to review its earlier order granting REL the licence to supply power. NDMC has opposed this decision, citing security concerns and shortage of space to lay a parallel distribution network as its reasons.

Will Dhabol Revive?

According to estimates put before the empowered group of ministers (EgoM) headed by the defence minister, the restructured project cost for Dabhol will range between Rs 97.93 billion and Rs. 99.77 billion, depending on the final settlement with GE-Betchtel. The settlement amount would range between Rs. 12.76 billion and Rs. 14.52 billion. The asset preservation expenses of Rs. 1.6 billion and the cost of completing the project, estimated at Rs 8.8 billion, are subject to revision since NTPC and GAIL are looking into the details. The estimate submitted to the EgoM do not include the cost of the LNG terminal. Lenders put the cost of completing the project and the LNG facility at around Rs 20 billion, raising the total restructuring cost, excluding the setting off of accrued interest of Indian lenders (Rs 25 billion), at around Rs 120 billion.

Meanwhile, the Indian lenders to the Dabhol power project have agreed to pay GE and Bechtel $305 million against their claims of $460 million towards non-debt, equity and contractual obligations in the power project. Of this $305 million, Bechtel and its affiliates would get $160 million and nearly $145 million would be paid to GE and its affiliates. These claims would be settled before July 1, following which GE and Bechtel are expected to cooperate with NTPC and GAIL on all technical issues for restarting Phase-I of the project and completion of Phase-II. This agreement is crucial as the Indian lenders have already reached an agreement with the offshore lenders to de-dollarise the debt at $230 million and with the US government-promoted Overseas Private Investment Corporation to pay $111 million.

o

രണ്ടാമത്തെ ഗണത്തിൽപ്പെട്ട സംഘടനകൾ ഇന്ന് കോമാളിവേഷം കെട്ടിയാടുന്ന തിരിക്കിലാണ്. കക്ഷി രാഷ്ട്രീയത്തിന്റെ സമ്മർദ്ദങ്ങൾക്കനുസരിച്ച് തരാതരം നിലപാടുകൾ മാറ്റിമറിച്ചും മറ്റു ചിലപ്പോൾ നിശബ്ദരായും ജീവനക്കാർക്കിടയിൽ ഇവരുടെ വിശ്വാസ്യത ഏറ്റവും താഴെത്തട്ടിലാണിപ്പോൾ. ഭരണപക്ഷലേബലുപയോഗിച്ച് ചില നിയമനങ്ങൾ സാധിച്ചെടുക്കുന്ന ഇടനിലക്കാർ എന്ന റോൾ അഭിമാനപുരസരമാണ് അവർ അഭിനയിക്കുന്നത്. പൊതു താല്പര്യങ്ങൾ (ബോർഡിന്റെ നിലനില്പ്, പ്രമോഷനുകൾ, ശമ്പള പരിഷ്ക്കരണം തുടങ്ങിയുള്ള) അവർക്ക് ചർച്ചാവിഷയം പോലുമല്ല ഇന്ന്.

ഈ രണ്ടു ഗണത്തിലുംപെട്ട സംഘടനകളിൽ ഗണ്യമായ ഒരു വിഭാഗം ഓഫീസർമാർ ഇനിയും അവശേഷിക്കുന്നുണ്ട്. ബോർഡിന്റെ നിലനില്പിനായി തുടരേണ്ട പ്രക്ഷോഭത്തിലും, സേവന വേതനവ്യവസ്ഥകൾ സംരക്ഷിക്കാനും മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനത്തിലും ഈ വിഭാഗത്തിൽപ്പെട്ട ഓഫീസർമാരുടെ കൂടി പങ്കാളിത്തം അനിവാര്യമായി മാറുകയാണ്. ഈ പ്രവർത്തനങ്ങളിൽ വർദ്ധിച്ചുവരുന്ന/വരേണ്ട പങ്കാളിത്തം തന്നെയാണ് ബോർഡിനെയും ഓഫീസർമാരെയും ജീവനക്കാരെയും സംരക്ഷിക്കാനുള്ള കവചം. വൈദ്യുതി ബോർഡും ജീവനക്കാരും ഇന്നഭിമുഖീകരിക്കുന്ന വെല്ലുവിളികളെ ഫലപ്രദമായി പ്രതിരോധിക്കാൻ, ഈ സംഘടനകൾ ഇതഃപര്യന്തം സ്വീകരിച്ചു പോന്നിട്ടുള്ള നിലപാടുകൾ സഹായകരമല്ല. അതിനാൽ, ഇത്തരം സംഘടനകളിൽ ഇപ്പോഴും നില്ക്കുന്നവരെയാകെ വളർന്നുവന്നിട്ടുള്ള സാഹചര്യങ്ങൾ ബോധ്യപ്പെടുത്തി, സ്ഥാപനത്തിന്റെയും തങ്ങളുടെ തന്നെയും രക്ഷയ്ക്കുതകുന്ന വിധം നിലപാടു സ്വീകരിക്കാൻ നമുക്ക് പ്രേരിപ്പിക്കേണ്ടതുണ്ട്. അതിനുതകുന്ന നിരന്തര പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ ഘട്ടത്തിലെ നമ്മുടെ ഒരു പ്രധാന ദൗത്യമാണത്.

o

വൈദ്യുതി മന്ത്രീ സൂക്ഷിച്ചോളു; സ്തുതിപാഠകവൃന്ദം സജീവമാണ്

മുൻ വൈദ്യുതിമന്ത്രി ശ്രീ. കടവൂർ ശിവദാസനെ ഉപദേശിച്ച് ഒരു വഴിക്കാക്കിയ എഞ്ചിനീയർമാരുടെ സംഘടന ശ്രീ. ആര്യാടനെയും ലക്ഷ്യമിട്ടിരിക്കുന്നു. സ്വതവേ തന്നെ മര്യാദകേടിന്റെ പര്യായമായിരുന്ന കടവൂരിനെ, മുഴുവൻ ജീവനക്കാരുടെയും ഒന്നാം നമ്പർ ശത്രുവാക്കി മാറ്റിയതിൽ ഇവരുടെ ഉപദേശകർ സ്തുത്യർഹമായ പങ്കാണ് വഹിച്ചിരുന്നതെന്ന് ചരിത്രം.

ഇപ്പോഴത്തെ വൈദ്യുതി മന്ത്രിയെ ഉപദേശിക്കാൻ വേണ്ടത്ര അവസരം ലഭിക്കാത്തതിനാൽ, സ്തുതിഗീതങ്ങൾ ആലപിച്ചും. അപദാനങ്ങൾ വർണ്ണിച്ചുമാണ് ഇവർ ഇപ്പോൾ ചുറ്റും കൂടിയിരിക്കുന്നത്. അപദാനങ്ങൾ വർണ്ണിക്കാൻ വാക്കുകൾ പോരാതെ വരുമ്പോൾ അല്പം അസത്യം കൂട്ടിച്ചേർക്കുന്നതിൽ തെറ്റുപറയാനില്ലല്ലോ. മേയ് മാസമിറങ്ങിയ ഇവരുടെ മുഖപത്രത്തിന്റെ മുഖലേഖനത്തിൽ കേരള വൈദ്യുതി മന്ത്രിയെയും കേന്ദ്ര വൈദ്യുതി മന്ത്രിയെയും അഭിനന്ദനം, സ്നേഹം, നന്ദി തുടങ്ങിയ പദാവലികളാൽ ആവർത്തിച്ച് ആശ്ലേഷിക്കുന്നതിനിടയിലാണ് അബദ്ധങ്ങളെയും അസത്യപ്രസ്താവങ്ങളെയും ആശ്രയിച്ചിരിക്കുന്നത്. കൂടംകുളം വൈദ്യുതനിലയത്തിൽ നിന്നും താരമതമ്യേന വിലകുറഞ്ഞ വൈദ്യുതി കേരളത്തിനായി അനുവദിക്കുന്നതിലും, കായംകുളം താപനിലയത്തിലെ വൈദ്യുതി റീ ഷെഡ്യൂൾ ചെയ്ത് 70 Mw അധിക വൈദ്യുതി കിഴക്കൻ മേഖലയിൽ നിന്നും ലഭ്യമാക്കിയതിലും പ്രകടമായ വൈദ്യുതമന്ത്രിയുടെ കർമ്മശേഷി എഞ്ചിനീയർമാരെ ആനന്ദപുളകിതരാക്കി മാറ്റിയത്രെ. ഗ്രാമീണ വൈദ്യുതീകരണത്തിനുള്ള കേന്ദ്ര പദ്ധതിയിൽ നിന്നുള്ള ഗ്രാന്റ് കേരളത്തിന് ലഭ്യമാക്കിയതിലും സെയ്ദ്-ആര്യാടൻ ദ്വയത്തെ അഭിനന്ദിക്കാൻ ഇവർ മുന്നിലുണ്ട്; ശ്രീ. ആര്യാടന്റെ സ്വപ്നപദ്ധതികളായിരുന്ന മലയോര-തീരദേശ വൈദ്യുതീകരണ പദ്ധതികളെക്കുറിച്ച് ഇപ്പോൾ മിണ്ടാട്ടമില്ലെങ്കിലും.

അഭിനന്ദനങ്ങൾ പ്രവഹിപ്പിച്ച മേൽ നടപടികളുടെ വസ്തുത താഴെപറയും പ്രകാരമാണ്.

കൂടംകുളം പദ്ധതിയിൽനിന്നുമുള്ള വൈദ്യുതിക്ക് വില കൂടുതലാകും. 2008 മുതൽ അവിടെ ഉല്പാദിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ നിരക്ക് ഇനിയും നിശ്ചയിക്കപ്പെട്ടിട്ടില്ല. എന്നാൽ ആണവനിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതിയുടെ നിരക്ക് പൊതുവിൽ ഉയർന്നതാണ്. മെറിറ്റ് ഓർഡർ റാങ്കിങ്ങിൽ BSES-നും താഴെയാണ് കൈഗ ആണവനിലയമെന്ന് ഇവർക്ക് ഇനിയും അറിയില്ലെന്നുണ്ടോ.

കായംകുളം പദ്ധതിയുമായുള്ള വൈദ്യുതിവാങ്ങൽ കരാർ പുതുക്കാനുള്ള വ്യവസ്ഥയായി കിഴക്കൻ മേഖലയിൽനിന്നും 180 Mw വിലകുറഞ്ഞ വൈദ്യുതി കേരളം ആവശ്യപ്പെട്ടിരുന്നു. ഇതിൽ 110 Mw മാത്രമേ ഇനിയും കേന്ദ്രം അനുവദിച്ചിട്ടുള്ളൂ. 70 Mw ഇപ്പോഴും വാഗ്ദാനത്തിൽ മാത്രമൊതുങ്ങുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ പൊതുമിനിമം പരിപാടിയിൽ ഗ്രാമീണ വൈദ്യൂതീകരണത്തിന് മുൻതൂക്കം ലഭിച്ചത് ഇടതു സമ്മർദ്ദംമൂലം. അവ നടപ്പാക്കാൻ കേന്ദ്രം വേഗത കാട്ടുന്നതും, ഇപ്പോൾ. അതിനായി നിയമം തന്നെ ഭേദഗതി ചെയ്യാൻ പോകുന്നതും NCCOEEE നടത്തിയ പ്രചാരണത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായിട്ടാണ്. വസ്തുത ഇതായിരിക്കേ ഇവർ അഭിനന്ദനം ചൊരിയേണ്ടത് സെയ്തിനും ആര്യാടനുമാണോ? കുഴപ്പമില്ല; അല്പം കഴിയുമ്പോൾ ഇവർ ഇടതുപക്ഷത്തിനും NCCOEEE-യ്ക്കും അഭിനന്ദനവുമായി പിന്നാലെ ചെന്നു കൊള്ളും.

ബുദ്ധിശൂന്യൻമാരായ ഈ സ്തുതിപാഠകവൃന്ദത്തെ കാണുമ്പോൾ ബുദ്ധികൂർമ്മതയുള്ള ശ്രീ. ആര്യാടന്റെ മനസ്സിലേക്ക് കടന്നു വരുന്ന ചിന്ത എന്തായിരിക്കും? തന്റെ നേതാവായ ശ്രീ. എ.കെ. ആന്റണി, ശ്രീ. സുകുമാർ അഴീക്കോടിന്റെ സപ്തതി ആഘോഷവേളയിൽ വിമർശകരേയും, സ്തുതിപാഠകരേയും കുറിച്ച് ആത്മസ്പർശത്തോടെ നടത്തിയ പരാമർശമാകുമോ അത്.

0

വൈദ്യുതി മേഖല – 10–ാം പദ്ധതിയിൽ

2002–07 ൽ പൂർത്തിയാക്കേണ്ട 10–ാം പദ്ധതിയിൽ വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ടത് 41,110 M.W . ആയിരുന്നു.കേന്ദ്ര മേഖലയിൽ 22832 M.W ; സംസ്ഥാന മേഖലയിൽ– 11157 M.W ; സ്വകാര്യ മേഖലയിൽ 7121 M.W എന്നിങ്ങനെ അധിക ശേഷി കൂട്ടിച്ചേർക്കാനാണ് ലക്ഷ്യമിട്ടത്. പദ്ധതി പ്രവർത്തനം 3 വർഷം കഴിഞ്ഞ് പരിശോധിക്കുമ്പോൾ ലക്ഷ്യത്തിന്റെ അടുത്തെങ്ങും എത്തുന്നതായി കാണുന്നില്ല.

2002–03 ൽ	– 2858.10 M.W
2003–04 ൽ	– 3951.62 M.W
2004–05 ൽ (2/05വരെ)	– 3643.92 M.W
ആകെ	**– 10,453.64 M.W**

ഇതുവരെ കൈവരിച്ച ഉൽപ്പാദനശേഷി 10453.64 M.W മാത്രമാണ്. ലക്ഷ്യമിട്ടതിന്റെ 25 ശതമാനം മാത്രമാണ് ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചത്. ഈനിലയിൽ ഉല്പാദനം കൈവരിച്ചാൽ 10–ാം പദ്ധതിയുടെ അവസാനം 42 ശതമാനം ലക്ഷ്യമാണ് നേടാൻ കഴിയുക.

ഓരോസാമ്പത്തീകവർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ചതും പരിശോധിച്ചാൽ ഗവൺമെന്റിനു തന്നെ പദ്ധതിലക്ഷ്യം നേടാനുള്ള താല്പര്യം ഇല്ലെന്നുകാണാം

	ബജറ്റിൽ അനുവദിച്ചത് (കോടി രൂപ)	ചെലവഴിച്ചത് (കോടി രൂപ)
2002–03	3300	1830.46
2003–04	3500	1847.66
2004–05 (31–1–05 വരെ)	3600	1311.82

മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പ്രതീക്ഷിച്ച തുക ലഭിച്ചിട്ടില്ലെന്ന് താഴെ കൊടുത്ത പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

	പ്രതീക്ഷിച്ച തുക (കോടി രൂപ)	ലഭിച്ച തുക (കോടി രൂപ)
2002–03	13483	6818.76
2003–04	14667.61	9288.75
2004–05 (31–1–05 വരെ)	15630.32	6853.02

പുത്തൻ സാമ്പത്തീക നയം രൂപംകൊടുത്തതിനു ശേഷം നടപ്പിലാക്കിയ എട്ടാം പദ്ധതിയും ഒൻപതാം പദ്ധതിയും ലക്ഷ്യത്തിന്റെ പകുതി പോലും നേടിയിട്ടില്ല. (8–ാം പദ്ധതിയിൽ നേട്ടം–53.88%, 9–ാം പദ്ധതി യിൽ നേട്ടം – 47.22%)

സ്വകാര്യമേഖലയ്ക്ക് വമ്പിച്ച ആനുകൂല്യങ്ങൾ അനുവദിച്ചിട്ടും 1991 നു ശേഷം ഇതുവരെ 37 സ്വകാര്യകമ്പനികൾ 7,400 M.W ശേഷിയാണ് വർദ്ധിപ്പിച്ചത്. (2004 ഡിസംബറിൽ ഇന്ത്യയിലെ വൈദ്യുതി ഉല്പാദനശേഷി 1,14,739.81 M.W ആയിരുന്നതിൽ സ്വകാര്യ സംരംഭകരുടെ നിലയങ്ങളുടെ ഉല്പാദനശേഷി 12,294.68 M.W മാത്രമാണ്) 10–ാംപദ്ധതിയിൽ 7121 M.Wന്റെ ശേഷി കൂട്ടിച്ചേർക്കാനാണ് സ്വകാര്യകമ്പനികളോട് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 2003–04ൽ 100 M.W ഉം, 2004–05ൽ 70 M.W ഉം മാത്രമാണ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഇന്ത്യാഗവൺമെന്റ് 2003 മാർച്ചിൽ കൊണ്ടുവന്ന നിയമ ഭേദഗതിയനുസരിച്ച് മെഗാപവ്വർ പ്രൊജക്ടുകൾ (Mega Power Project) പണിയുന്നതിനു വേണ്ടി (തെർമൽ 1000 M.W, Hydel-500 M.W ശേഷിയുള്ളത്) സ്വകാര്യ സംരംഭകർക്ക് അടിസ്ഥാന മൂലധന സാമഗ്രികൾ ഇറക്കുമതി ചെയ്യുമ്പോൾ കസ്ററംസ് ഡ്യൂട്ടി പൂർണ്ണമായും ഇളവുചെയ്തു കൊടുക്കുന്നുണ്ട്. എല്ലാ ഉല്പാദകർക്കും കൽക്കരി ഇറക്കുമതി ചെയ്യുമ്പോൾ കസ്ററംസ് ഡ്യൂട്ടി കൊടുക്കേണ്ടതില്ല. അതുകൂടാതെയാണ് 15 വർഷത്തേയ്ക്ക് ടാക്സ് ഹോളിഡേ അനുവദിക്കുന്നത്.ലാഭം 16% (ഇപ്പോഴത് 14% ആയികുറച്ചെന്ന് പറയുന്നു.) ഉറപ്പു വരുത്തുകയും ചെയ്യുന്നു ജനറേഷൻ,ട്രൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ മേഖലയിൽ യാതൊരു പരിധിയുമില്ലാതെ 100% വിദേശപങ്കാളിത്തവും അനുവദിച്ചിട്ടുണ്ട്.

ഇങ്ങനെയല്ലാം ധാരാളം സൗജന്യങ്ങൾ വാരിക്കോരി നല്കിയിട്ടും സ്വകാര്യ കമ്പനികൾ വൈദ്യുത ഉല്പാദന മേഖലയിൽ കടന്നുവരാത്തതിന് കേന്ദ്രഗവൺമെന്റ് കുറ്റപ്പെടുത്തുന്നത് വൈദ്യുത ബോർഡുകളെയും, സംസ്ഥാന ഗവണ്മെന്റുകളെയുമാണ്.

2005 ഫെബ്രുവരിയിൽ ഇന്ത്യയിലെ വൈദ്യുതി ഉല്പാദനശേഷി 1,16,321. M.W ആണ്.(Hydro- 30335 M.W, Thermal -83,266 M.W, Nuclear-2720 M.W)

ê

Generation of Electricity - 2003-04

All India	Programme	Actuals	In million units of the Targets
Thermal	472650	466824	98.8
Hydro	83050	73775	88.8
Nuclear	17200	17737	103.1
Total	572900	558336	97.5

Generation of Electricity during 2004-05 (April-September 04)

All India	Programme	Actuals	In million units of the Targets
Thermal	234876	235783	100.4
Hydro	47664	47599	99.9
Nuclear	7488	7743	103.4
Total	290028	291125	100.4

Plant load Factor (PLF)

The all India PLF of Thermal units during 2003-04 was 72.7% against a Target of 72.0%.It is up by 0.5% from the last year actual. The all india PLF of Thermal power units during 2004-05 (up to september'04) was 72.9% against the target of 71.6% showing increase of 1.3% against target.

(Source:Ministry of Power Annual report 2004-'05)

തുടർച്ചയായി മൂന്നുപദ്ധതികളിലും വൈദ്യുതി ഉല്പാദനശേഷി ലക്ഷ്യത്തിന്റെ പകുതിപോലും എത്താത്തതിനുള്ളകാരണം കണ്ടെത്താൻ ഇന്ത്യാഗവൺമെന്റ് ശ്രമിക്കുന്നില്ല. പുത്തൻ സാമ്പത്തീകനയമാണ് യഥാർത്ഥ കാരണമെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, അത് തിരുത്താൻ തയ്യാറായാലെ നമ്മുടെ പദ്ധതിലക്ഷ്യം പൂർത്തിയാക്കാൻ സാധിക്കുകയുള്ളു.

കെ.പി. പവിത്രൻ

(അവലംബം: Ministry of power Annual report 2004-05)

PSU under ministry of power over view of Financial performance 2003-04

			Profit after tax	
1.	National Thermal power corporation (NTPC)	-	5260.80	cr.
2.	Powe grid corporation of india Ltd (PGCIL)	-	748.20	cr.
3.	Power Finance Corporation (PFC)	-	1606	cr.
4.	Rural Electrification Corporation (REC)	-	612.39	cr.
5.	National Hydro Electric Power corporation (NHPC)	-	621.38	cr.
6.	North Eastern Electric Power Corporatin Ltd. (NEEPCO)	-	197.58	cr.
7.	Damodar Valley corporation (DVC)	-	923.36	cr.
	Total	**-**	**9970.70**	**cr.**

(Source: Ministry of Power - Annual report-2004-05)

APPELLATE TRIBUNAL SET UP

After two years of its announcement under the Electricity Act, 2003, an appellate tribunal has finally been constituted for the sector. On May 13, the union power minister administered the oath of office and secrecy to the chairperson and three members of the tribunal.

The chairperson is Anil Dev Singh, retired Chief justice of the Rajasthan High Court, whose candidature was proposed by the chief justice of India. The other two members are Justice E. Padmanabhan, a retired judge of the Chennai High Court, who is the judicial member, and H.L. Bajaj and A.A. Khan, who have been appointed as the technical members. The tenture of the chairman and members is three years. The tribunal has been notified and has been located at Sewa Bhawan in R.K. Puram, New Delhi.

സുനാമി – ഓഫീസേഴ്സ് അസോസിയേഷൻ നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളിലെ ഗൃഹപ്രവേശം

സുനാമി ബാധിത പ്രദേശങ്ങളിലെ വീടു നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് സന്നദ്ധസംഘടനകൾ വീടുവച്ച് നൽകുന്ന പദ്ധതി പ്രകാരം രണ്ടു വീടുവെച്ചു നൽകാൻ കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷന് ഗവൺമെന്റ് അനുവാദം നൽകിയരുന്നു. ഒന്ന് ആലപ്പുഴജില്ലയിലും മറ്റൊന്ന് കൊല്ലം ജില്ലയിലും. രണ്ടു വീടിന്റെയും നിർമ്മാണം പൂർത്തിയായി. ആലപ്പുഴ ജില്ലയിൽ ഗവർൺമെന്റ് നിശ്ചയിച്ചുതന്ന തീയതിയ്ക്കും ഒരാഴ്ച മുമ്പു തന്നെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി ജില്ലാ കളക്ടറെ അറിയിയ്ക്കുകയുണ്ടായി. ജൂൺ 17 ന് 3 മണിയ്ക്ക് ആറാട്ടുപുഴ തറയിൽ കടവിനു സമീപം കൂടുന്ന സമ്മേളനത്തിൽവെച്ച് ഈ കെട്ടിടത്തിന്റെ താക്കോൽ ഗുണഭോക്താവായ വെളുമ്പത്ത് അശോകന് നൽകുന്നതാണ്. അന്നേദിവസം 5 മണിക്ക് കൊല്ലം ആയിരംതെങ്ങിൽ കൂടുന്ന സമ്മേളനത്തിൽ വച്ച് കൊല്ലം ജില്ലയിൽ നിർമ്മിച്ച കെട്ടിടത്തിന്റെ താക്കോൽ ഗുണഭോക്താവായ പുതുവേൽ സത്യദേവന് നൽകുന്നതാണ്. ഗൃഹപ്രവേശവും സമ്മേളനവും കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്സ്. അച്ചുതാനന്ദൻ ഉത്ഘാടനം ചെയ്യും. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ, പ്രസിഡന്റ് ശ്രീ. ഇ. ബാലാനന്ദൻ താക്കോൽദാനം നിർവ്വഹിയ്ക്കും. സമ്മേളനത്തിൽ ജനപ്രതിനിധികളും, വിവിധ രാഷ്ട്രീയപാർട്ടി–ബഹുജന സംഘടനാ നേതാക്കളും, ഉദ്യാഗസ്ഥ പ്രമുഖരും പ്രസംഗിയ്ക്കുന്നതാണ്. o

ജ്യോതിസ്, തറയിൽക്കടവ്, ആറാട്ടുപുഴ. പ്രയോജകനായ വെളുമ്പത്ത് അശോകനും കുടുംബവും മുൻപിൽ. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ നിർമ്മിച്ചു നൽകിയ വീട്. 17.06.05ന് താക്കോൽദാനം നിർവഹിച്ചു.

സാധാരണക്കാരന് വൈദ്യുതി നിഷേധിക്കൽ: ഗവർണർക്ക് ഭീമഹർജി

സാധാരണക്കാർക്ക് വൈദ്യുതി നിഷേധിക്കുന്ന നയത്തിനെതിരെ K.S.E.B ഓഫീസേഴ്സ് അസോസിയേഷൻ ശേഖരിച്ച ഒരു ലക്ഷത്തോളം ഒപ്പുകളടങ്ങിയ നിവേദനം 27/5/05ന് ഗവർണർ ആർ എൽ ഭാട്യക്ക് സമർപ്പിച്ചു. അസോസിയേഷൻ ജനറൽ സെക്രട്ടറി B. പ്രദീപ്, ഇലക്ട്രിസിറ്റി എംപ്ളോയീസ് ഫെഡറേഷൻ ദേശീയ സെക്രട്ടറി കെ. ആർ.ഉണ്ണിത്താൻ എന്നിവരാണ് ഗവർണർക്ക് നിവേദനം നല്കിയത്.

വൈദ്യുതിമേഖലയിലെ സ്വകാര്യവൽക്കരണത്തിന് താൻ എതിരാണെന്ന് ഗവർണർ സംഘടനാ നേതാക്കളോട് പറഞ്ഞു. വൈദ്യുതിമോഷണം തടയുന്നതിന് ജീവനക്കാരുടെ സംഘടനകൾ താല്പര്യമെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. അടുത്തിടെ കേന്ദ്രവൈദ്യുതി മന്ത്രിയുമായി ജീവനക്കാരുടെ സംഘടനകൾ നടത്തിയ ചർച്ചയെ തുടർന്നുണ്ടായ മാറ്റങ്ങളെപ്പറ്റിയും, കേരളാവൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉണ്ടാക്കിയ പുതിയ ചട്ടങ്ങളെപ്പറ്റിയും അദ്ദേഹം ചർച്ചചെയ്തു. തനിയ്ക്കുലഭിച്ച നിവേദനത്തെപ്പറ്റി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് കത്തെഴുതുമെന്ന് അദ്ദേഹം അറിയിച്ചു.

വൈദ്യുതി നിയമം 2003 റദ്ദു ചെയ്യുക, ദേശീയ വൈദ്യുതി നയം പുനഃപരിശോധിക്കുക,വൈദ്യുതിയെ സാമൂഹ്യ വികസനത്തിനുള്ള അടിസ്ഥാന ഘടകമായി നിലനിർത്തുക, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമീഷൻ തയ്യാറാക്കിയിരിക്കുന്ന സപ്ളൈകോഡ് ധൃതിപിടിച്ച് നടപ്പിലാക്കുന്നത് നിർത്തിവെയ്ക്കുക, കോഡിലെ ജനവിരുദ്ധ നിർദ്ദേശങ്ങൾ തിരുത്തുക, താരിഫ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുക, താരീഫ് ഘടന സാമൂഹ്യ നീതിയിലധിഷ്ഠിതമായി നിലനിർത്തുക, വൈദ്യുതി ബോർഡിന്റെ പുനഃസംഘടന നിർത്തിവെയ്ക്കുക തുടങ്ങിയ ആവശ്യങ്ങളാണ് നിവേദനത്തിലുള്ളത്. o

എഡ്വാർഡ്സ് റോഡ്രിഗ്സ് ബൊളീവിയൻ പ്രസിഡണ്ട്

ബൊളീവിയയുടെ പുതിയ പ്രസിഡണ്ടായി സുപ്രീംകോടതി മുൻതലവൻ എഡ്വാർഡ് റോഡ്രിഗ്സ് സ്ഥാനമേറ്റു. രാജ്യത്ത് ഏത്രയും വേഗം പൊതുതെരെഞ്ഞടുപ്പ് നടത്തുമെന്ന് അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഉറപ്പു നൽകി.

ജനകീയ പ്രക്ഷോഭത്തെതുടർന്ന് പ്രസിഡണ്ടായിരുന്ന കാർലോസ് മെസ രാജിവെച്ചതിനാലാണ് പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ പാർലമെണ്ടായ കോൺഗ്രസ് ചേർന്നത്. ഭരണഘടന അനുസരിച്ച് അടുത്ത പ്രസിഡണ്ടാകേണ്ടിയിരുന്ന സെനറ്റ് തലവൻ ഹെമാണ്ടോ വാക സയസ് സ്ഥാനം ഏറ്റെടുക്കാൻ വിസമ്മതിച്ചു. പ്രക്ഷോഭകർ സയസിനെയും എതിർത്തിരുന്നു. ഹൗസ് ഓഫ് ഡെപ്യൂട്ടീസിന്റെ അധ്യക്ഷൻ മാരിയോ കോഷ്യേയും സ്ഥാനം ഏറ്റെടുക്കാതിരുന്നതിനെത്തുടർന്നാണ് കോൺഗ്രസ് റോഡ്രിഗ്സിനെ തെരഞ്ഞെടുത്തത്. വാക സയസ് റോഡ്രിഗ്സിന് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. രാജ്യത്ത് പൊതുതെരഞ്ഞെടുപ്പ് ഉടൻ നടത്തുമെന്ന് ഉറപ്പു നൽകിയ അദ്ദേഹം പ്രക്ഷോഭകരോട് ശാന്തരായിരിക്കാനും ആവശ്യപ്പെട്ടു.

രാജ്യത്തെ പ്രകൃതിവാതക–എണ്ണ വ്യവസായം ദേശസാൽക്കരിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ രണ്ടാഴ്ചയായി ബൊളീവിയയിൽ പതിനായിരങ്ങൽ തലസ്ഥാനമായ ലാപാസിൽ സമരത്തിലായിരുന്നു. ജനങ്ങൾ പാർലമെണ്ട് മന്ദിരങ്ങൾ വളഞ്ഞതിനെത്തുടർന്ന് കോൺഗ്രസ് മറ്റൊരു നഗരമായ സൂയറിലേക്ക് മാറ്റുകയായിരുന്നു.

എന്നാൽ പുതിയ പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനം പ്രക്ഷോഭകരെ തൃപ്തിപ്പെടുത്തിയിട്ടില്ല. പ്രകൃതിവാതക–എണ്ണ വ്യവസായങ്ങൾ ദേശസാൽക്കരിക്കുമെന്നുകൂടി പ്രസിഡണ്ട് പ്രഖ്യാപിക്കണമെന്ന് ഇടതുപക്ഷ അഭിഭാഷകനും കൊക്കോ കർഷക നേതാവുമായ ഈവോ മൊറേലിസ് ആവശ്യപ്പെട്ടു. o

വൈദ്യുതി നിയമത്തിൽ ഭേദഗതി; വിഭജനം ആറുമാസത്തേക്ക് നീട്ടി

ഇടതുപക്ഷത്തിന്റെ ആവശ്യം കണക്കിലെടുത്ത് കേന്ദ്ര വൈദ്യുതി നിയമം–2003ൽ ഭേദഗതി കൊണ്ടുവരാൻ കേന്ദ്രം തീരുമാനിച്ചു. വൈദ്യുതിബോർഡ് വിഭജനം ആറുമാസത്തേക്ക് നീട്ടിവെക്കാനും ധാരണയായി. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ഭേദഗതി കൊണ്ടുവരുമെന്ന് മന്ത്രി പി.എം. സെയ്ദ് അറിയിച്ചു.

ക്രോസ് സബ്സിഡി നിർത്തലാക്കുമെന്ന ആക്ടിലെ പരാമർശം ഓഴിവാക്കി ക്രമേണ കുറച്ച് കൊണ്ടുവരുമെന്നാക്കും. ഗ്രാമീണ വൈദ്യുതീകരണത്തിന്റെ ചുമതല പൂർണമായും കേന്ദ്രഗവണ്മെന്റിനായിരിക്കുമെന്ന ഭേദഗതിയും കൊണ്ടുവരും. ഇടതുപക്ഷ നേതാക്കളുമായി നാലുവട്ടം നടന്ന ചർച്ചയിലാണ് ഈ ധാരണയിലെത്തിയതെന്നും മന്ത്രി അറിയിച്ചു.

കേരളം ഉൾപ്പെടെ പതിനൊന്ന് സംസ്ഥാനങ്ങൾക്കാണ് ബോർഡ് വിഭജനത്തിനുള്ള സമയപരിധി നീട്ടിക്കൊടുത്തത്. ഇതനുസരിച്ച് ഡിസംബർ ഒമ്പതിനകം ബോർഡ് വിഭജനം പൂർത്തിയാക്കണം. മറ്റ് സംസ്ഥാനങ്ങൾ വിഭജനം നടപ്പിലാക്കിയതായി മന്ത്രി അറിയിച്ചു. വൈദ്യുതി താരിഫ് നയം ഒരുമാസത്തിനകം പ്രഖ്യാപിക്കും. ഉപഭോക്താക്കൾക്ക് പരമാവധി ഗുണകരമായിരിക്കും ഇതെന്നും സെയ്ദ് കൂട്ടിച്ചേർത്തു.

Cabinet approval for fascimile edition of foreign newspapers

Cap remains but flexibility for foreign investment in print media

The Union Cabinet on Thursday decided to facilitate greater foreign presence in the print media. This will be done by allowing printing of facsimile editions of foreign newspapers and periodicals and increasing the syndication limits in Indian newspapers.

Also, greater flexibility has been allowed for foreign investment in the print media within the existing 26 per cent ceiling. This is expected to provide more avenues for Indian entities to overseas funds. As against the prevailing print media policy, wherein only 26 per cent foreign direct investment (FDI) is allowed, the Cabinet has decided to permit investments by non-resident Indians, overseas corporate bodies and persons of Indian origin and portfolio investments by recognised Foreign Institutional Investors within the existing ceiling.

While facilitating greater foreign participation, the cabinet decided to continue with the policy of not allowing Indian editions of foreign newspapers. Foreign participation in the print media was allowed for the first time in 2002 by the NDA Government.

ജില്ലാ വാർത്തകൾ

ഇടുക്കി

5.4.05 കൂടിയ മൂലമറ്റം യൂണീറ്റ് മീറ്റിംഗിൽ ശ്രീ.വി.എൻ. പ്രസാദ് AEE യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് മൂലമറ്റം മേഖലയിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ പുതിയ യൂണീറ്റ് രൂപീകരിച്ചു.

പ്രസിഡന്റ്	– വി.എൻ.പ്രസാദ് AEE
വൈ. പ്രസിഡന്റ്	– ബിന്ദു.എസ് AE
സെക്രട്ടറി	– മൻസൂർ അലിഖാൻ AE
ജോ.സെക്രട്ടറി	– ജുമൈല ബീവി AE
കമ്മറ്റി അംഗങ്ങൾ	– ജോഷി എബ്രഹാം SCA സണ്ണി ജോസഫ് AE വിജയൻ AE

10–05–05 ൽ കല്ലാർകുട്ടി ഐ.ബി.യിൽ കൂടിയ ചിത്തിരപുരം യൂണീറ്റ് മീറ്റിംഗിൽ 14 പേർ പങ്കെടുത്തു. മെയ്31, ജൂൺ1 പണിമുടക്ക് വിശദീകരണയോഗത്തിൽ വച്ചുതന്നെ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. ശശി(EE)ക്ക് യാത്രയയപ്പ് നല്കി. ശ്രീ.കെ.എ.റഷീദിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ ശ്രീ. സി.എസ്. സുനിൽ, ആർ.സുകു എന്നിവർ യഥാക്രമം ജില്ലാ റിപ്പോർട്ട്, സി.സി.റിപ്പോർട്ട് എന്നിവ അവതരിപ്പിച്ചു. ശ്രീ.കെ.പി. ശശി ചർച്ചക്ക് മറുപടിനല്കി.ശ്രീ.ബേബി ജോൺ സ്വാഗതവും, ശ്രീ.ആർ.ബാബു നന്ദിയും രേഖപ്പെടുത്തി, ശ്രീ.ആർ. സുകു ഉപഹാരസമർപ്പണം നടത്തി.

29.04.05 ൽ അടിമാലിയിൽ വച്ചു നടന്ന ഒപ്പുശേഖരണം ജില്ലാതല ഉദ്ഘാടനം സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി ശ്രീ. ഒ.ജി. മദനൻ നിർവ്വഹിച്ചു. സി.പി.ഐ.(എം) ഡി.സി അംഗം ശ്രീ T. R. ശശീധരൻ അദ്ധ്യക്ഷനായിരുന്നു. ശ്രീ. R. സുകു, ശ്രീ. K.C. ഗോപിനാഥൻനായർ എന്നിവർ വിശദീകരണം നടത്തി. വർഗ്ഗബഹുജനസംഘടനാ പ്രതിനിധികൾ അഭിവാദ്യങ്ങൾ അർപ്പിച്ചു. മൊത്തം 1500 ഒപ്പുകൾ അന്നേദിവസം ശേഖരിച്ചു.

12.05.05 പകൽ 11 മണിക്ക് വെള്ളത്തൂവൽ ഗവ. എച്ച്. എസ്സിൽ നടന്ന വൈദ്യുതിയും വീട്ടമ്മയും പരിപാടി പഞ്ചായത്ത് മെമ്പർ ശ്രീ. സാജു സ്കറിയ ഉദ്ഘാടനം ചെയ്തു. ശ്രീ. കെ.എ. റഷീദ് അദ്ധ്യക്ഷതവഹിച്ചു. ശ്രീ. C.S. സുനിൽ, ബേബിജോൺ, കെ. സുകു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

വൈകിട്ട് വെള്ളത്തൂവൽ തണൽ സോഷ്യൽഫോറവുമായി ചേർന്ന് നടത്തിയ 'വൈദ്യുതി മുഖാമുഖം' വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ് തോമസ് ഉദ്ഘാടനം ചെയ്തു. 'തണൽ' രക്ഷാധികാരി ശ്രീ. കുമാരൻ അദ്ധ്യക്ഷനായിരുന്നു. ശാസ്ത്ര സാഹിത്യ പരിഷത്ത് അംഗം ശ്രീ. അഗസ്റ്റിൻ മോഡറേറ്ററായിരുന്നു.

Sri. R. സുകു, K.C. ഗോപിനാഥൻ നായർ, കെ. കെ. ബോസ്, സി. എസ്. സുനിൽ, ബേബിജോൺ, ആർ. ബാബു എന്നിവർ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. തണൽ ഭാരവാഹി ശ്രീ. ജയദേവൻ സ്വാഗതവും ശ്രീ. സി.എസ്. സുനിൽ നന്ദിയും രേഖപ്പെടുത്തി.

NCCOEEE ജില്ലാ കൺവൻഷനുകൾ കട്ടപ്പന, തൊടുപുഴ, കല്ലാർകുട്ടി, ചിത്തിരപുരം, മൂലമറ്റം എന്നീ സ്ഥലങ്ങളിൽ നടന്നു.

നെടുങ്കണ്ടം, വാഴത്തോപ്പ്, കട്ടപ്പന, കമ്പിളികണ്ടം, രാജകുമാരി എന്നീ സ്ഥലങ്ങളിൽ സായാഹ്നധർണ്ണകൾ നടന്നു.

മൂലമറ്റം – തൊടുപുഴ റൂട്ടിൽ ബൈക്ക് റാലി നടന്നു. റാലിക്കിടയിൽ പത്തുകേന്ദ്രങ്ങളിൽ വിശദീകരണയോഗങ്ങളും നടത്താൻ കഴിഞ്ഞു. നെടുങ്കണ്ടം ധർണ്ണ, ജയചന്ദ്രൻ MLA യും കമ്പിളികണ്ടം ധർണ്ണ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബേബിയും, രാജകുമാരി ധർണ്ണ O.G. മദനൻ CITU ജില്ലാ സെക്രട്ടറിയും ഉദ്ഘാടനം ചെയ്തു.

കോഴിക്കോട്

മെയ് 11ന് ബ്ളൂമെക്സ് ആർട്ട്സ് ആൻ സ്പോർട്സ് ക്ളബ്ബിന്റെ സഹകരണത്തോടെ ബാലുശ്ശേരിയിൽ വെച്ച് മുഖാമുഖം സംഘടിപ്പിച്ചു.ബാലുശ്ശേരിപഞ്ചായത്ത് മെമ്പർ കെ നസുമാസ്റ്റർ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാസെക്രട്ടറി വിശദീകരണം നടത്തി. ഉപഭോക്താക്കൾ ഉയർത്തിയ സംശയങ്ങൾക്ക് ബാലുശ്ശേരി ഡിവിഷൻ എക്സി. എഞ്ചിനിയർ വി. ബ്രിജ്ലാൽ, എം.ജി. സുരേഷ്കുമാർ–സംസ്ഥാന സെക്രട്ടറി എന്നിവർ മറുപടിനല്കി. ചടങ്ങിൽ ക്ളബ്ബ് പ്രസിഡന്റ് കുന്നോത്ത് പുരുഷോത്തമൻ അദ്ധ്യക്ഷനായിരുന്നു.

സാധാരണക്കാരന് വൈദ്യുതി നിഷേധിക്കുന്ന പുതിയ വൈദ്യുതി നയത്തിനെതിരെ ജില്ലയിൽ നടത്തിയ ഒപ്പുശേഖരണത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഒപ്പുകൾ(15267) സമാഹരിക്കാൻ പ്രവർത്തകർക്ക് കഴിഞ്ഞു.

സംഘടനയുടെ ജില്ലാ ജനറൽ ബോഡി, ജൂൺ 6ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്നു. ജില്ലാപ്രസിഡന്റ് അനീസ് അഹമ്മദ് അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സെക്രട്ടറി ജെ സജിത്കുമാർ ജില്ലാ റിപ്പോർട്ട് അവതരിപ്പിച്ചു. ഇ.ഇ.എഫ്.ഐ. സെക്രട്ടറി ശ്രീ. കെ.ആർ.ഉണ്ണിത്താൻ കേന്ദ്രറിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ബോർഡുകളുടെ പുനഃസംഘടന

ആറുമാസത്തേക്ക് നിർത്തിവെച്ചുകൊണ്ട് NCCOEEE യുമായി കേന്ദ്രഗവൺമെന്റ് ധാരണയായിട്ടുണ്ടെങ്കിലും ഈ ഇടവേള വലിയ പ്രക്ഷോഭത്തിന്റെ മുന്നൊരുക്കങ്ങൾ ശക്തിപ്പെടുത്താൻ വേണ്ടി ഉപയോഗപ്പെടുത്താൻ അദ്ദേഹം ആഹ്വാനം ചെയ്തു.

വി. ബ്രിജ്ലാൽ EE

സംസ്ഥാന പ്രസിഡന്റ് ശ്രീ കെ അശോകൻ സംസ്ഥാന സെക്രട്ടറിമാരായ പി.വി ജോസ് എം ജി സുരേഷ് കുമാർ എന്നിവരും യോഗത്തിൽ സംബന്ധിച്ചു. എം കൃഷ്ണേന്ദു സ്വാഗതവും മോഹനൻ മണലിൽ നന്ദിയും പറഞ്ഞു.

ജില്ലയിലെ സജീവപ്രവർത്തകരായിരുന്ന സി ഇ അബ്ദുൾ ഖാദർ Dy CE, ഡിസൈൻ സെൽ

കോഴിക്കോട്, വി അബ്ദുൾ റഹ്മാൻ AEE ,കുറ്റ്യാടി ജനറേഷനൻ സബ്ഡിവിഷൻ കക്കയം, കെ. കുഞ്ഞിരാമൻ നമ്പ്യാർ AE ഇല: സെക്ഷൻ തൊട്ടിൽപാലം എന്നിവർക്ക് ജൂൺ 6ന് നളന്ദ ഓഡിറ്റോറിയത്തിൽ ജനറൽ ബോഡിക്കു ശേഷം നടന്ന പ്രത്യേക ചടങ്ങിൽ ഊഷ്മളമായ യാത്രയപ്പ് നല്കി. ഇവർക്ക് കോഴിക്കോട് ജില്ലാകമ്മറ്റിയുടെ ഉപഹാരം ശ്രീ. കെ.ആർ. ഉണ്ണിത്താൻ നല്കി.

സംഘടനയുടെ രൂപീകരണഘട്ടം മുതൽക്കേ അതിന്റെ സജീവ അംഗമായിരുന്ന അബ്ദുൾ ഖാദർ നിർണായക സന്ദർഭങ്ങളിൽസംഘടനയ്ക്ക് ഏറെ സംഭാവനകൾ നല്കിയ ഒരാളായിരുന്നു എന്ന് ശ്രീ ഉണ്ണിത്താൻ അനുസ്മരിച്ചു. സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പ്രവർത്തനങ്ങൾ അനുസ്മരിച്ചു കൊണ്ടും അവരെ അനുമോദിച്ചുകൊണ്ടും സംസ്ഥാന പ്രസിഡന്റ് കെ.അശോകൻ തുടങ്ങിയവർ സംസാരിച്ചു, ജില്ലാസെക്രട്ടറി ചടങ്ങിൽ സ്വാഗതം ആശംസിച്ചു. മെയ് 9,10,11 തീയതികളിൽ നടന്ന സംയുക്ത ഡിവിഷൻ കൺവെൻഷനുകളിൽ സംഘടനയുടെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. പിന്നീട് സായാഹ്നധർണകൾ നടന്ന കക്കോടി, പന്തിരാംകാവ്, കരിക്കാംകുളം, ഫ്രാൻസീസ് റോഡ്, നരിക്കുനി, മെഡിക്കൽകോളേജ്, പുതിയങ്ങാടി, ഇച്ചാട്,കാവൂർ, ഓമശേരി, മാണാശേരി, കൂരാച്ചുണ്ട്, എന്നീ കേന്ദ്രങ്ങളിലും മേയ് 18ന് പന്തിരിക്കര, അരിക്കാട് എന്നിവിടങ്ങളിൽ നടന്ന പൊതുയോഗങ്ങളിലും പ്രധാന വിശദീകരണം നടത്തിയത് സംസ്ഥാനജില്ലാ നേതാക്കൾ ആയിരുന്നു.

മലപ്പുറം

വൈദ്യുതി മേഖലയിൽ നടപ്പിലാക്കി വരുന്ന ജനവിരുദ്ധ പരിഷ്കാരങ്ങൾ തിരുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ എസ് ഇ ബി ഓഫീസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സംസ്ഥാന ഗവർണർക്ക് സമർപ്പിക്കുന്ന ജനകീയ ഹർജിയുടെ ഒപ്പു ശേഖരണ പരിപാടി പെരിന്തൽമണ്ണ മേഖലയിൽ മുനിസിപ്പൽ വൈസ് ചെയർമാൻ ശ്രീ എ. വേണുഗോപാലൻ ഉദ്ഘാടനം ചെയ്തു. ജില്ലാസെക്രട്ടറി ബഷീർ ചുങ്കത്തറ, വർക്കേഴ്സ് അസോസിയേഷൻ ഡിവിഷൻ സെക്രട്ടറി വാസു, ഫെഡറേഷൻ നേതാവ് ലോഹിതാക്ഷൻ, മോഹൻ ചെറുകര, കെ.എൻ. രാജൻ, സി.വി. സേതുമാധവൻ എന്നിവർ സംസാരിച്ചു.

മഞ്ചേരി–ഒപ്പുശേഖരണബൂത്തിന്റെ ഉദ്ഘാടനം സി പി ഐ (എം) ജില്ലാസെക്രട്ടറി കെ സെയ്താലി നിർവ്വഹിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ്

വാസുദേവൻ എ. നായർ, സെക്രട്ടറി കെ. മുഹമ്മദാലി, തുടങ്ങിയവർ സംസാരിച്ചു.

മലപ്പുറം–കളക്ട്രേറ്റ്മുന്നിൽ ഒപ്പുശേഖരണബൂത്ത് സംസ്ഥാന വൈസ്പ്രസിഡന്റ് വാസുദേവൻ എ നായർ ഉദ്ഘാടനംചെയ്തു.

യൂണിവേഴ്സിറ്റി –കാമ്പസിൽ സംഘടിപ്പിച്ച ഒപ്പു ശേഖരണ ബൂത്തിന് ജില്ലാ പ്രസിഡന്റ് വി ഗോപാലൻ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എ. കുട്ടിശങ്കരൻ തുടങ്ങിയവർ നേതൃത്വം നല്കി

തൃശൂർ

കാടുകുറ്റി ഗ്രാമ പഞ്ചായത്ത് കുടുംബ ശ്രീ യൂണീറ്റ്, കെ. എസ്. ഇ. ബി. ഓഫീസേഴ്സ് അസോസിയേഷനെ പങ്കെടുപ്പിച്ചുകൊണ്ട് 'വൈദ്യുതിയും വീട്ടമ്മയും' എന്ന പഠനക്ളാസ് സംഘടിപ്പിക്കുകയുണ്ടായി.

അസ്സോസിയേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീമതി ഷീബ ക്ളാസ്സെടുത്തു. ഉപഭോക്താക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് സംസ്ഥാന സെക്രട്ടറി ശ്രീ പി വി ജോസ്, പി വി പ്രദീപ്, കെ പീതാംബരൻ എന്നിവർ സംസാരിച്ചു.

കൊരട്ടി ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ പോൾസൺ ക്ളാസ് ഉദ്ഘാടനം ചെയ്തു. ശ്രീമതി കുമാരി, സെക്രട്ടറി കുടുംബ ശ്രീ യൂണീറ്റ് നന്ദി പറഞ്ഞു.

മെയ് 14–ാംതീയതി വൈകിട്ട് 4 മണിക്ക് കെ. എസ്. ഇ. ബി .ഒ .എ .തൃശൂർ ജില്ലാ കമ്മറ്റിയും കുന്ദംകുളം

പൗരസമിതിയും വൈദ്യുതിരംഗത്തെ പ്രശ്നങ്ങളെ കുറിച്ച് 'മുഖാമുഖം' സംഘടിപ്പിച്ചു.

അസ്സോസിയേഷൻ ജില്ലാ പ്രസിഡന്റ് ശ്രീ എ ജി ഭദ്രൻ, DYCE യുടെ അദ്ധ്യക്ഷതയിൽ കൂടിയ മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് C.P.I.(M) കുന്ദംകുളം ഏരിയാസെക്രട്ടറി ശ്രീ ബാബു. എം.പാലിശ്ശേരി, വൈദ്യുതി രംഗത്തെ സമകാലീന പ്രശ്നങ്ങളെ കുറിച്ചും കേന്ദ്ര സർക്കാരിന്റെ അതിനോടുള്ള സമീപനത്തെ കുറിച്ചും വിശദമായി പ്രതിപാദിച്ചു. ജില്ലാസെക്രട്ടറി ശ്രീ.പി.വി. പ്രദീപ് സ്വാഗതവും CEC ശ്രീ. ബേബി നന്ദിയും പറഞ്ഞു. ഉപഭോക്താക്കളുടെ സംശയങ്ങൾക്കും, ചോദ്യങ്ങൾക്കും മറുപടി പറഞ്ഞുകൊണ്ട്, സംസ്ഥാന സെക്രട്ടറി ശ്രീ. P.V ജോസ്, പ്രസിഡന്റ് A.G . ഭദ്രൻ, P.V. പ്രദീപ്, M.A .പ്രവീൺ എന്നിവർ സംസാരിച്ചു.

o

സംസ്ഥാന ഭാരവാഹിയായ ശ്രീ. കെ.പി. ശശിക്ക് യാത്രയയപ്പ് നൽകുന്നു. ഇടുക്കി ജില്ലാക്കമ്മറ്റി കല്ലാർകുട്ടിയിൽ വച്ച് നടത്തിയ യോഗത്തിൽ സംസ്ഥാന ഭാരവാഹി ശ്രീ. സുകു ഉപഹാരം സമർപ്പിക്കുന്നു.

സർവീസിൽ നിന്നും വിരമിച്ചു

കെ. കുഞ്ഞിരാമൻ നമ്പ്യാർ തൊട്ടിൽ പാലം ഇല:സെക്ഷനിലെ അസിസ്ററന്റ് എഞ്ചിനീയർ ആയിരിക്കേ സർവ്വീസിൽ നിന്നും വിരമിച്ചു. നല്ല സംഘടനാ പ്രവർത്തകനായിരുന്ന അദ്ദേഹം നേരത്തേ വർക്കേഴ്സ് അസോസിയേഷൻ ഡിവിഷൻ ഭാരവാഹിയായിരുന്നു.

സർവീസിൽ നിന്നും വിരമിച്ചു

വി. അബ്ദുറഹിമാൻ AEE കുറ്റ്യാടി പവ്വർഹൗസിലെ സ്റ്റേഷൻ എഞ്ചിനിയർ ആയിരിക്കേ സർവ്വീസിൽ നിന്നും വിരമിച്ചു. സംഘടനയുടെ കക്കയം സബ്യൂണീറ്റ് പ്രസിഡന്റ് ആയിരുന്നു ബനവലന്റ് ഫണ്ട് മെമ്പർഷിപ്പ്തുക അദ്ദേഹം സംഘടനയുടെ ബനവലന്റ് ഫണ്ടിലേക്ക് സംഭാവനയായി നല്കി.

6.5.05–ന് എറണാകുളം ജില്ലയിലെ എടവനക്കാട് കുടുംബശ്രീ യോഗത്തിൽ വൈദ്യുതിയും വീട്ടമ്മയും എന്ന പരിപാടിയിൽ ശ്രീ. വി.ആർ. സുധി സംസാരിക്കുന്നു

29.4.05–ൽ എറണാകുളം ജല്ലയിലെ തിരുവാങ്കുളം കവലയിൽ ഒപ്പുശേഖരണ പരിപാടിയുടെ യോഗത്തിൽ സി.ഇ.സി. അംഗം ശ്രീ. എം.ടി. വർഗ്ഗീസ് സംസാരിക്കുന്നു.